സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനുമുമ്പ്
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 29 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

നിക്ഷേപിച്ച പണം തിരികെ നൽകുന്നില്ല; കെ.ടി.ഡി.എഫ്.സിക്കെതിരെ ഹൈക്കോടതിയിൽ ഹരജി

കൊച്ചി: കെ.ടി.ഡി.എഫ്.സിക്കെതിരെ ഹൈക്കോടതിയിൽ ഹരജി. കൊൽക്കത്ത ആസ്ഥാനമായ ലക്ഷ്മിനാഥ് ട്രേഡ് ലിങ്ക് സാണ് ഹർജി നൽകിയത്. സർക്കാർ ഗ്യാരന്റിയിൽ നിക്ഷേപിച്ച പണം തിരികെ നൽകുന്നില്ലെന്ന് ഹരജിയിൽ പറയുന്നുണ്ട്. പണം നൽകാനാകാത്തത് എന്തുകൊണ്ടെന്ന് കോടതി ചോദിച്ചു. ആർ.ബി.ഐ നിയന്ത്രണം ഉള്ളതുകൊണ്ടാണ് പണം നൽകാൻ കഴിയാത്തതെന്ന് കെ.ടി.ഡി.എഫ്.സി ചൂണ്ടിക്കാട്ടി. കേസിൽ റിസർവ് ബാങ്കിനെ കക്ഷിയാക്കുമെന്ന് കോടതി അറിയിച്ചു.

നാല് ഘടുക്കളായി 32 ലക്ഷത്തോളം രൂപയാണ് നിക്ഷേപിച്ചത്. നിക്ഷേപിച്ച തുക കാലവധി കഴിഞ്ഞിട്ട് തിരിച്ചെടുക്കാനാവശ്യപ്പെട്ടപ്പോൾ അത് പലകാരങ്ങൾ ചൂണ്ടികാണിച്ച് നൽകാതിരിക്കുന്നുവെന്നാണ് പ്രധാന ആരോപണം. നേരത്തെ കാലാവധി പൂർത്തിയായ നിക്ഷേപകർക്ക് പണം എത്രയും വേഗം നൽകിയില്ലെങ്കിൽ ബാങ്കിതര ധനകാര്യ സ്ഥാപനമായി പ്രവർത്തിക്കാനുള്ള ലൈസൻസ് റദ്ദാക്കുമെന്ന് കെ.ടി.ഡി.എഫ്.സിക്ക് ആർ.ബി.ഐ മുന്നറിയിപ്പ് നൽകിയിരുന്നു.

കരുവന്നൂർ കേസ്; എംകെ കണ്ണൻ മടങ്ങി, ചോദ്യം ചെയ്യൽ നിർത്തിവെച്ചെന്ന് ഇഡി

കൊച്ചി: കരുവന്നൂർ കേസിൽ എം കെ കണ്ണന്റെ ഇന്നത്തെ ചോദ്യം ചെയ്യൽ നിർത്തിവെച്ചതായി ഇഡി. ചോദ്യം ചെയ്യലുമായി കണ്ണൻ സഹകരിക്കുന്നില്ലെന്ന് ഇഡി വ്യക്തമാക്കി. ശരീരത്തിന് വിറയൽ ഉണ്ടെന്നു കണ്ണൻ പറഞ്ഞതായും ഇഡി വ്യക്തമാക്കി. കണ്ണനിൽ നിന്ന് ഒരു മറുപടിയും കിട്ടിയില്ല എന്നും മൊഴികളിൽ നിരവധി പൊരുത്തക്കേടുകൾ ഉണ്ടെന്നും ഇ ഡി പറഞ്ഞു.

അതേ സമയം, ഇഡിയുടെ വെളിപ്പെടുത്തല്ർ പാടെ നിഷേധിച്ചു കൊണ്ടായിരുന്നു എംകെ കണ്ണൻ മാധ്യമപ്രവർത്തകരോട് പ്രതികരിച്ചത്. തനിക്ക് ശാരീരിക ബുദ്ധിമുട്ടുള്ളതായി പറഞ്ഞിട്ടില്ലെന്ന് എംകെ കണ്ണൻ വ്യക്തമാക്കി. പൂർണ്ണ ആരോ?ഗ്യവാനാണ്, ദേഹാസ്വാസ്ഥ്യമില്ലെന്നും കണ്ണൻ പറഞ്ഞു. ചോദ്യം ചെയ്യൽ സൗഹാർദ്ദപരമായിരുന്നു എന്നും ഇഡി എപ്പോൾ വിളിപ്പിച്ചാലും വരുമെന്നും കണ്ണൻ വിശദമാക്കി. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ സിപിഎം സംസ്ഥാന സമിതി അംഗവും തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് അധ്യക്ഷനുമായ എം കെ കണ്ണനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇ ഡി) ഇന്ന് ചോദ്യം ചെയ്യുന്നതിനായി വിളിപ്പിച്ചിരുന്നു. ഇഡി ഓഫീസിലേക്ക് പോകുന്നതിന് മുമ്പ് എം കെ കണ്ണന് മുഖ്യമന്ത്രിയെ കണ്ടിരുന്നു. എന്നാൽ, മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ കരുവന്നൂർ വിഷയവുമായി ബന്ധമില്ലെന്നായിരുന്നു എം കെ കണ്ണൻറെ പ്രതികരണം.

ഇത് രണ്ടാം തവണയാണ് എം കെ കണ്ണനെ ഇ ഡി ചോദ്യം ചെയ്യുന്നത്. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിലെ മുഖ്യപ്രതി സതീഷ് കുമാറുമായുള്ള ബന്ധത്തിലും കണ്ണൻ നേതൃത്വം നൽകുന്ന ബാങ്കിൽ നടന്ന ദുരൂഹമായ ഇടപാടുകളിലുമാണ് ഇഡി അന്വേഷണം. എം കെ കണ്ണൻ പ്രസിഡന്റായി തുടരുന്ന തൃശൂർ കോ ഓപ്പറേറ്റീവ് ബാങ്കിലാണ് കരുവന്നൂർ കേസിലെ മുഖ്യപ്രതി സതീഷ് കുമാർ മിക്ക ഇടപാടും നടത്തിയിട്ടുള്ളത്.

കിരണും സതീഷ്കുമാറും തമ്മിലുള്ള കള്ളപ്പണ കൈമാറ്റം കണ്ണൻറെയും എ സി മൊയ്തീൻറെയും അറിവോടെയാണെന്നും ഇഡി സംശയിക്കുന്നുണ്ട്. സംസ്ഥാന രാഷ്ട്രീയത്തിലെ ഉന്നതർ ഇടപെട്ട തട്ടിപ്പെന്ന ഇഡി വ്യക്തമാക്കുമ്പോൾ ആരൊക്കെയാണ് ആ ഉന്നതർ എന്ന ചോദ്യവും ശക്തമാകുകയാണ്. സിപിഎം പ്രാദേശിക നേതാവായ അരവിന്ദാക്ഷനെ കസ്റ്റഡിയിൽ ചോദ്യം ചെയ്ത ശേഷമാണ് കണ്ണനെ വീണ്ടും വിളിപ്പിക്കുന്നത്.

'പശുക്കളെ കശാപ്പുകാർക്കു വിൽക്കുന്ന വഞ്ചകർ'; മനേക ഗാന്ധിക്ക് 100 കോടിയുടെ മാനനഷ്ട നോട്ടിസ് അയച്ച് ഇസ്കോൺ

കൊൽക്കത്ത: ബി.ജെ.പി എം.പി മനേക ഗാന്ധിക്കെതിരെ നടപടിയുമായി ഇന്റർനാഷനൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ്(ഇസ്കോൺ). പശുക്കളെ കശാപ്പുകാർക്കു വിൽക്കുന്നുവെന്നും കൊടും വഞ്ചകരാണെന്നും നേരത്തെ ഇസ്കോണിനെതിരെ മനേക ആരോപണമുന്നയിച്ചിരുന്നു. ഇതിനെതിരെയാണു കൃഷ്ണഭക്തരുടെ സംഘടനയായ ഇസ്കോൺ രംഗത്തെത്തിയത്.സംഘടനയ്ക്കെതിരെ ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചതിന് മനേകയ്ക്കെതിരെ നൂറു കോടി രൂപയുടെ മാനനഷ്ട നോട്ടിസ് നൽകിയതായി ഇസ്കോൺ കൊൽക്കത്ത വൈസ് പ്രസിഡന്റ് രാധാരാമൻ ദാസ് അറിയിച്ചു. ഈ അപകീർത്തികരമായ ആരോപണങ്ങൾ ലോകത്തെങ്ങുമുള്ള ഇസ്കോൺ ഭക്തരെയും സഹകാരികളെയും അഭ്യുദയകാംക്ഷികളെയുമെല്ലാം ആഴത്തിൽ വേദനിപ്പിച്ചിട്ടുണ്ട്. ഇസ്കോണിനെതിരായ വ്യാജ പ്രചാരണങ്ങളിൽ നീതി ലഭിക്കാനായി ഏതറ്റം വരെയും പോകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.രാജ്യത്തെ ഏറ്റവും വലിയ വഞ്ചകരാണ് ഇസ്കോൺ എന്നാണ് സോഷ്യൽ മീഡിയയിലൂടെ പുറത്തുവന്ന വിഡിയോയിൽ മനേക ഗാന്ധി കുറ്റപ്പെടുത്തിയത്. തങ്ങളുടെ തൊഴുത്തിലുള്ള പശുക്കളെ കശാപ്പുകാർക്ക് വിൽക്കുന്നവരാണു സംഘടനയെന്നും അവർ ആരോപിച്ചു.അടുത്തിടെ ആന്ധ്രപ്രദേശിലെ ഇസ്കോൺ ഗോശാലയിൽ നടത്തിയ സന്ദർശിച്ചപ്പോൾ അവിടെയുള്ള ഒറ്റ പശുവും നല്ല ആരോഗ്യത്തിലല്ല ഉള്ളത്. ഒറ്റ പശുക്കിടാങ്ങളും അവിടെയുണ്ടായിരുന്നില്ല. എല്ലാം വിറ്റൊഴിവാക്കിയിരിക്കുകയാണെന്നും മനേക ആരോപിച്ചിരുന്നു.ആരോപണങ്ങൾ നേരത്തെ ഇസ്കോൺ ശക്തമായി തള്ളിക്കളഞ്ഞിരുന്നു. മനേക ഉന്നയിച്ചത് വ്യാജവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങളാണ്. ഇന്ത്യയിൽ മാത്രമല്ല, ലോകത്തെങ്ങും പശുസംരക്ഷണത്തിന്റെ മുൻനിരയിലുള്ള സംഘടനയാണ് ഇസ്കോൺ എന്നും ദേശീയവക്താവ് യുദിഷ്ഠിർ ഗോവിന്ദദാസ് പ്രതികരിച്ചു.

'കഞ്ചാവ് അടങ്ങിയ ബാഗ് വീട്ടിൽ വച്ചത് സുഹൃത്ത്'; കുടുക്കിയതെന്ന് റോബിൻ

കോട്ടയം: കഞ്ചാവ് കേസിൽ തന്നെ കുടുക്കിയതാണെന്ന് നായ സംരക്ഷണത്തിന്റെ മറവിൽ കഞ്ചാവുകച്ചവടം നടത്തിയെന്നതിന്റെ പേരിൽ അറസ്റ്റിലായ റോബിൻ ജോർജ്. സുഹൃത്താണ് കഞ്ചാവ് അടങ്ങിയ ബാഗ് വീട്ടിൽ കൊണ്ടു വച്ചത്.

ബാഗിനുള്ളിൽ കഞ്ചാവാണെന്ന് അറിയില്ലായിരുന്നുവെന്നും റോബിൻ ചോദ്യം ചെയ്യലിൽ പൊലീസിനോട് പറഞ്ഞു. സുഹൃത്ത് എവിടെയുണ്ടെന്ന് ഇപ്പോൾ അറിയില്ല. അയാൾ ഒളിവിലാണ്. കടുവാക്കളം പൂവന്തുരുത്തുകാരനാണെന്നും റോബിൻ പറഞ്ഞു. കോട്ടയം കുമരനെല്ലൂരിലുള്ള ഡോഗ്ഹൗസിൽ തെളിവെടുപ്പിന് എത്തിച്ചപ്പോഴാണ് റോബിൻ ഇക്കാര്യം മാധ്യമങ്ങളോട് പറഞ്ഞത്. അഞ്ചു ദിവസത്തെ തിരച്ചിലിനൊടുവിൽ തമിഴ്നാട്ടിൽ നിന്നാണ് റോബിൻ ജോർജിനെ പൊലീസ് പിടികൂടിയത്. തെങ്കാശിയിലെ ഒരു കോളനിയിലാണ് റോബിൻ ഒളിവിൽ താമസിച്ചിരുന്നത്. പരിചയമുള്ള തട്ടുകടക്കാരനാണ് റോബിന് താമസിക്കാൻ സൗകര്യം ഒരുക്കിയത് എന്നും പൊലീസ് സൂചിപ്പിച്ചു.

പിതാവിനെ ചോദ്യം ചെയ്തിലൂടെയാണ് റോബിൻ എവിടെയാണെന്നുള്ള വിവരം പൊലീസിന് കിട്ടിയത്. കോട്ടയം ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ നാല് സംഘമായി തിരിഞ്ഞായിരുന്നു അന്വേഷണം നടത്തിയിരുന്നത്. രണ്ട് തവണയാണ് റോബിൻ ജോർജ് പൊലീസിന്റെ കൺമുന്നിൽ നിന്നും രക്ഷപ്പെട്ടത്.രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് ഞായറാഴ്ചയാണ് കുമാരനെല്ലൂരിലെ പ്രതി നടത്തുന്ന ഡോഗ് ഹോസ്റ്റലിൽ പൊലീസ് പരിശോധന നടത്തുന്നത്.

ഇവിടെ നിന്നും 18 കിലോ കഞ്ചാവ് പൊലീസ് കണ്ടെടുത്തു. ഇയാളുടെ വീട്ടിൽ 13 ഇനം വമ്പൻ വിദേശനായകളാണ് ഉണ്ടായിരുന്നത്. പൊലീസും എക്സൈസും എത്തിയാൽ ആക്രമിക്കാൻ നായ്ക്കളെ പ്രത്യേകം പരിശീലിപ്പിച്ചിരുന്നുവെന്ന് കോട്ടയം എസ്പി വ്യക്തമാക്കിയിരുന്നു.

ജ്വല്ലറിയുടെ ഭിത്തി തുരന്ന് 25 കോടിയോളം രൂപയുടെ സ്വർണ്ണം കവർന്ന സംഭവം; മൂന്നുപേർ അറസ്റ്റിൽ

ന്യൂഡൽഹി: ജ്വല്ലറിയുടെ ലോക്കർ മുറിയുടെ ഭിത്തി തുരന്ന് 25 കോടിയോളം രൂപയുടെ സ്വർണ്ണം കവർന്ന സംഭവത്തിൽ മൂന്നുപേർ അറസ്റ്റിൽ. കേസിലെ മുഖ്യപ്രതി ലോകേഷ് ശ്രീവാസ്തവ, ശിവ ചന്ദ്രവംശി എന്നിവരേയും മറ്റൊരാളേയുമാണ് ഡൽഹി പോലീസ് ഛത്തീസ്ഗഢിൽനിന്ന് അറസ്റ്റുചെയ്തത്. ഇവരുടെ കൈയിൽനിന്ന് വലിയ അളവിൽ സ്വർണ്ണം പിടിച്ചെടുത്തതായി പോലീസ് അറിയിച്ചു. ഛത്തീസ്ഗഢിലും ആന്ധ്രാപ്രദേശിലും പ്രതികൾ സമാന രീതിയിൽ കവർച്ചനടത്തിയിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു.

സൗത്ത് ഡൽഹിയിലെ ജങ്പുരയിലെ ഭോഗൽ ഏരിയയിലുള്ള ജുവലറിയിൽ കഴിഞ്ഞ ദിവസമാണ് കൊള്ള നടന്നത്. ഉമാറാവു ജ്വല്ലേഴ്സ് എന്ന ആഭരണക്കടയിൽ അതിക്രമിച്ചുകയറിയ സംഘം 25 കോടിയോളം വിലവരുന്ന സ്വർണ്ണം മോഷ്ടിച്ച് കടന്നുകളയുകയായിരുന്നു. സമീപമുള്ള നാലുനില കെട്ടിടത്തിന്റെ ടെറസ് വഴിയായിരുന്നു കൊള്ളസംഘം ജ്വല്ലറിയിലേക്കെത്തിയത്. കട സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ കയറിയ മോഷ്ടാക്കൾ, സി.സി.ടി.വി. ക്യാമറകൾ വിച്ഛേദിച്ച ശേഷം ലോക്കർ മുറിയിലേക്കുള്ള ഭിത്തി തുരന്നാണ് കവർച്ച നടത്തിയത്. ലോക്കറിന് പുറമേ, ഡിസ്പ്ലേയ്ക്കുവെച്ചിരുന്ന ആഭരണങ്ങളും മോഷ്ടിച്ചിരുന്നു.

സ്കൂളുകളും കോളജുകളും അടച്ചു; 44 വിമാനങ്ങൾ റദ്ദാക്കി; സ്റ്റാലിന്റെ കോലം കത്തിച്ച് പ്രതിഷേധം

ബന്ദിൽ വലഞ്ഞ് കർണാടക

ബംഗലൂരു: കാവേരി നദീജല തർക്കത്തെത്തുടർന്ന് കർണാടകയിൽ ആഹ്വാനം ചെയ്ത ബന്ദിൽ ജനജീവിതം സ്തംഭിച്ചു. തെക്കൻ ജില്ലകളിലാണ് ബന്ദ് കാര്യമായി ബാധിച്ചത്. ബന്ദിനെത്തുടർന്ന് മാണ്ഡ്യ, ബെംഗളൂരു ജില്ലകളിലെ സ്കൂളുകളും കോളജുകളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു.

ബംഗലൂരുവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ശനിയാഴ്ചയും അവധിയായിരിക്കും. ബംഗലൂരു വിമാനത്താവളത്തിൽ നിന്നുള്ള 44 വിമാനങ്ങൾ റദ്ദാക്കിയിട്ടുണ്ട്.

ബംഗലൂരുവിലെ വിമാനത്താവളത്തിൽ നിന്ന് ടേക് ഓഫ് ചെയ്യേണ്ട 22 വിമാനങ്ങളും ലാൻഡ് ചെയ്യേണ്ട 22 വിമാനങ്ങളുമാണ് റദ്ദാക്കിയത്. സാങ്കേതിക കാരണങ്ങളാലാണ് വിമാനങ്ങൾ റദ്ദാക്കിയതെന്നാണ് എയർപോട്ട് അധികൃതർ പറയുന്നത്. യാത്രക്കാരെ നേരത്തെ അറിയിച്ചിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

ചിക്കമംഗലൂരുവിൽ പ്രതിഷേധക്കാർ പെട്രോൾ പമ്പുകളിൽ എത്തി പ്രതിഷേധിക്കുകയും തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിന്റെ കോലം കത്തിക്കുകയും ചെയ്തു.

മാണ്ഡ്യയിൽ റോഡിൽ കിടന്നും റെയിൽവേ ട്രാക്ക് ഉപരോധിച്ചും പ്രതിഷേധിച്ചു. കന്നഡ-കർഷകസംഘടനകളുടെ കൂട്ടായ്മയായ 'കന്നഡ ഒക്കൂട്ട' യാണ് ബന്ദിന് നേതൃത്വം നൽകുന്നത്. ബന്ദുമായി ബന്ധപ്പെട്ട് അരങ്ങേറിയ പ്രതിഷേധത്തിൽ വിവിധ സംഘടനകളുടെ 50 പേരെ പൊലീസ് അറസ്റ്റ് ചെയ്തു.

ബിജെപി, ജനതാദൾ തുടങ്ങിയ പാർട്ടികളും, റസ്റ്റോറന്റ് ഉടമകൾ, ഓല, ഊബർ ഡ്രൈവർമാരുടെ സംഘടനകൾ, സിനിമാ പ്രവർത്തകർ, ഓട്ടോറിക്ഷാ ഉടമകൾ, സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ തുടങ്ങിയവയും ബന്ദിനു പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. അക്രമ സാധ്യത കണക്കിലെടുത്ത് ബംഗലൂരുവിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുകയാണ്.

ട്രിച്ചിയിൽ കർഷക സംഘടനകളുടെ നേതൃത്വത്തിൽ നദിയിൽ ഇറങ്ങി പ്രതിഷേധിച്ചു. അതിനിടെ, കാവേരി നദി ഒരു സംസ്ഥാനത്തിന്റെയും സ്വന്തം സ്വത്തല്ലെന്ന് ഡിഎംകെ നേതാവ് ടികെഎസ് ഇളങ്കോവൻ അഭിപ്രായപ്പെട്ടു.

നാലു സംസ്ഥാനങ്ങളിലൂടെയാണ് ഒഴുകുന്നത്. അതിനാൽ നാലു സംസ്ഥാനങ്ങൾക്കും നദീജലത്തിന് അർഹതയുണ്ടെന്നും ഇളങ്കോവൻ പറഞ്ഞു.

സ്റ്റാലിന്റെ കോലം പ്രതിഷേധക്കാർ കത്തിക്കുന്നു

കൈയേറ്റം ഒഴിപ്പിക്കാൻ പ്രത്യേകദൗത്യസംഘം: ദൗത്യ സംഘത്തെ തുരത്തും' എംഎം മണി

ഇടുക്കി: മൂന്നാർ ദൗത്യസംഘത്തെ ഭയപ്പെടുന്നില്ലെന്ന് സിപിഎം നേതാവും എംഎൽഎയുമായ എംഎം മണി. കാലങ്ങളായി കുടിയേറി കുടിൽകെട്ടി താമസിക്കുന്നവരുടേയും വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവരുടേയും മെക്കിട്ട് കേറാൻ അനുവദിക്കില്ല. നിയമവിരുദ്ധമായി ദൗത്യസംഘം പെരുമാറിയാൽ അവരെ തുരത്തും. ടാറ്റയുടേയും ഹാരിസൺ മലയാളത്തിന്റേയും കൈയേറ്റമാണ് പരിശോധിക്കേണ്ടതെന്നും എംഎം മണി പറഞ്ഞു.ഇടുക്കിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ പ്രത്യേക ദൗത്യസംഘം രൂപീകരിച്ച് സർക്കാർ ഉത്തരവ് ഇറക്കി. ഇടുക്കി ജില്ലാകലക്ടർക്കാണ് ദൗത്യ സംഘത്തിന്റെ മുഖ്യ ചുമതല. സിപിഎം ജില്ലാ ഘടകത്തിന്റെ കടുത്ത എതിർപ്പിനിടെയാണ് പ്രത്യേക ദൗത്യസംഘത്തെ നിയോഗിച്ചിരിക്കുന്നത്.ഹൈക്കോടതി നിർദേശത്തെത്തുടർന്നാണ് പുതിയ ദൗത്യ സംഘം രൂപീകരിച്ചത്. ജില്ലാ കലക്ടർ, ആർഡിഒ, കാർഡമം അസിസ്റ്റന്റ് കലക്ടർ എന്നിവരടങ്ങിയ മൂന്നംഗ സംഘത്തെയാണ് റവന്യൂ വകുപ്പ് നിയോഗിച്ചിട്ടുള്ളത്.ഇവരുടെ പ്രതിവാര പ്രവർത്തനങ്ങൾ റവന്യൂ കമ്മീഷണറേറ്റ് വിലയിരുത്തും. ഇതിനായി റവന്യൂ വകുപ്പിലെ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. രജിസ്ട്രേഷൻ വകുപ്പ് ദൗത്യ സംഘത്തിന് ആവശ്യമായ സഹായങ്ങൾ നൽകണം.

ജില്ലാ പൊലീസ് മേധാവി ആവശ്യമായ പൊലീസ് സഹായങ്ങൾ ദൗത്യസംഘത്തിന്റെ പ്രവർത്തനത്തിന് നൽകണമെന്നും ഉത്തരവിൽ പറയുന്നു. പരിശോധിക്കുന്നതിൽ എതിർപ്പില്ലെന്നും, എന്നാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ അനുവദിക്കില്ലെന്നും സിപിഎം ജില്ലാ സെക്രട്ടറി നേരത്തെ വ്യക്തമാക്കിയിരുന്നു.

മലപ്പുറത്ത് ഗർഭിണിക്ക് രക്തം മാറി നൽകി; ഒ നെഗറ്റീവിനു പകരം നൽകിയത് ബി പോസിറ്റീവ്

പൊന്നാനി: ഗ്രൂപ്പ് മാറി രക്തം കയറ്റിയതിനെത്തുടർന്ന് ഗർഭിണിക്ക് ദേഹാസ്വാസ്ഥ്യം.

പ്രതിഷേധവുമായി ബന്ധുക്കൾ. പൊന്നാനി മാതൃശിശു കേന്ദ്രത്തിൽ പ്രസവ ചികിത്സയ്ക്കെത്തിയ വെളിയങ്കോട് സ്വദേശി റുക്സാന (26)യ്ക്കാണ് രക്തം മാറിക്കയറ്റിയത്. ഒ നെഗറ്റീവ് ഗ്രൂപ്പ് രക്തത്തിനു പകരം ബി പോസിറ്റീവ് രക്തം നൽകിയതാണ് ആരോപണം. റുക്സാനയെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സെൻസർ സർട്ടിഫിക്കറ്റിന് കൈക്കൂലി: വിശാലിന്റെ വെളിപ്പെടുത്തലിന് പിന്നാലെ നടപടിയുമായി കേന്ദ്രം, അന്വേഷണം

ന്യൂഡൽഹി: മാർക്ക് ആന്റണിയുടെ സെൻസർ ബോർഡ് സർട്ടിഫിക്കറ്റിന് കൈക്കൂലി നൽകേണ്ടി വന്നെന്ന നടൻ വിശാലിന്റെ വെളിപ്പെടുത്തലിനു പിന്നാലെ നടപടിയുമായി കേന്ദ്രസർക്കാർ. വിഷയത്തിൽ അന്വേഷണം നടത്താനായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം മുതിർന്ന ഉദ്യോഗസ്ഥനെ മുംബൈയ്ക്ക് അയച്ചു. തന്റെ പുതിയ ചിത്രമായ 'മാർക്ക് ആന്റണി'യുടെ ഹിന്ദി പതിപ്പിന് സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് ലഭിക്കാനായി ആറരലക്ഷം നൽകേണ്ടി വന്നെന്നു വിശാൽ വെളിപ്പെടുത്തി 24 മണിക്കൂറിനുള്ളിലാണു മന്ത്രാലയത്തിന്റെ ഇടപെടൽ. ചിത്രം റിലീസ് ചെയ്യാൻ മൂന്നു ലക്ഷവും, യു/എ സർട്ടിഫിക്കറ്റ് ലഭിക്കാൻ മൂന്നര ലക്ഷം രൂപയും താൻ നൽകി എന്നായിരുന്നു വിശാൽ സോഷ്യൽ മീഡിയയിലൂടെ വെളിപ്പെടുത്തിയത്. പണം ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് വിവരങ്ങളും താരം പുറത്തുവിട്ടിരുന്നു."വെള്ളിത്തിരയിൽ അഴിമതി കാണിക്കുന്നത് നല്ലതാണ്. എന്നാൽ യഥാർഥ ജീവിതത്തിൽ അല്ല. ഇത് എനിക്ക് ദഹിക്കുന്നില്ല. പ്രത്യേകിച്ച് സർക്കാർ ഓഫിസുകളിൽ. അതിലും മോശമായത് സിബിഎഫ്സി മുംബൈ ഓഫിസിലാണ്. എന്റെ സിനിമ മാർക്ക് ആന്റണി ഹിന്ദി പതിപ്പിന് 6.5 ലക്ഷം നൽകേണ്ടി വന്നു. 2 ഇടപാടുകൾ. സ്ക്രീനിങിന് 3 ലക്ഷവും സർട്ടിഫിക്കറ്റിന് 3.5 ലക്ഷവും. എന്റെ കരിയറിൽ ഒരിക്കലും ഈ അവസ്ഥ നേരിട്ടിട്ടില്ല. ഇടനിലക്കാരൻ മേനഗയ്ക്ക് പണം കൊടുക്കുകയല്ലാതെ വേറെ വഴിയില്ലായിരുന്നു. ഇത് ബഹുമാനപ്പെട്ട മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് ചെയ്യുന്നത് എനിക്ക് വേണ്ടിയല്ല, ഭാവിയിലെ നിർമാതാക്കൾക്കു വേണ്ടിയാണ്. ഞാൻ കഷ്ടപ്പെട്ട് സമ്പാദിച്ച പണം അഴിമതിക്കായി പോയി. എന്നത്തേയും പോലെ സത്യം ജയിക്കുമെന്ന് പ്രതീക്ഷിക്കുന്നു." കൈക്കൂലി നൽകേണ്ടിവന്ന വിവരം പങ്കുവച്ചു വിശാൽ പറഞ്ഞ വാക്കുകളാണിത്.

നിപ സ്ഥിരീകരിച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന നാല് പേർ രോഗമുക്തരായി

കോഴിക്കോട്: നിപ സ്ഥിരീക്ച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന നാല് പേർ രോഗമുക്തരായി. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഒമ്പത് വയസുകാരൻരേതുൾപ്പെടെയാണ് നിപ പരിശോധന ഫലം നെഗറ്റീവായത്. വൈറസ് മുക്തരായെങ്കിലും ഇവർ ഹോം ക്വാറൻറൈനിൽ തുടരും.

നിപ വൈറസ് ബാധിച്ച് മരിച്ച മരുതോങ്കര സ്വദേശിയുടെ ഒമ്പത് വയസുകാരനായ മകനും കുട്ടിയുടെ മാതൃ സഹോദരനും ആരോഗ്യ പ്രവർത്തകനും ചെറുവണ്ണൂർ സ്വദേശിയുമാണ് രോഗമുക്തരായത്. ആരോഗ്യ നില മോശമായതിനെ തുടർന്ന് വെൻറിലേറ്ററിൻറെ സഹായത്തോടെയാണ് ഒമ്പത് വയസുകാരൻറെ ചികിത്സ സ്വകാര്യ ആശുപത്രിയിൽ ആരംഭിച്ചത്. പിന്നീട് ഘട്ടം ഘട്ടമായി ആരോഗ്യനില വീണ്ടെടുത്താണ് കുട്ടി ഇപ്പോൾ രോഗമുക്തി നേടിയത്.

ഇതേ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കുട്ടിയുടെ മാതൃസഹോദരൻറെയും നിപ പരിശോധന ഫലം നെഗറ്റീവായി. ഇവരുടെ ചികിത്സ ചെലവ് ആശുപത്രി വഹിക്കുമെന്ന് അധികൃതർ പറഞ്ഞു.

മറ്റ് രണ്ട് പേർ കോഴിക്കോട് മെഡിക്കൽ കോളേജിലുമാണ് ചികിത്സയിലുണ്ടായിരുന്നത്. നാല് പേരും ഇടവേളകളിൽ നടത്തിയ നിപ പരിശോധനയിൽ നെഗറ്റീവ് ആയതായി ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. രോഗ മുക്തരായെങ്കിലും തത്കാലം ഇവർ ഹോം ക്വാറൻറൈനിൽ തുടരും. നിപ സ്ഥിരീകരിച്ചവരുമായി സമ്പർക്കം പുലർത്തിയ 649 പേരാണ് നിലവിൽ നിരീക്ഷണത്തിൽ കഴിയുന്നത്.

നിരീക്ഷണത്തിലുണ്ടായിരുന്ന 216 പേർ കഴിഞ്ഞ ദിവസം നിരീക്ഷണ കാലാവധി പൂർത്തിയാക്കി.

നിപയിൽ ചരിത്രമെഴുതി കോഴിക്കോട് ആസ്റ്റർ മിംസ്

കോഴിക്കോട്: രണ്ട് ആഴ്ചയിലധികമായി ആധിയോടെ കാത്തിരുന്ന ആ നിമിഷം വന്നെത്തി. അകാലത്തിൽ മരണം കൊണ്ട് പോയ ഭർത്താവിനെ കുറിച്ചോർത്ത് വിതുമ്പുമ്പോഴും നഷ്ടപ്പെട്ടു എന്ന് കരുതിയ മകനെ തിരിച്ച് കിട്ടിയ സന്തോഷത്തിലായിരുന്നു ആ മാതാവ്.

കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടിയും മാതൃസഹോദരനുമാണ് നിപ രോഗത്തിന്റെ ചരിത്രത്തിൽ അത്ഭുതം സൃഷ്ടിച്ച് രോഗമുക്തി നേടിയത്. ലോകത്ത് തന്നെ ആദ്യമായാണ് നിപ ഗുരുതരമായതിനെ തുടർന്ന് വെന്റിലേറ്ററിൽ ചികിത്സ തേടിയിരുന്ന ഒരാൾ രോഗമുക്തി നേടി മടങ്ങിയെത്തുന്നത്.

നിപ ബാധിച്ച് ആദ്യം മരണപ്പെട്ട കുറ്റ്യാടി മരുതോങ്കര സ്വദേശിയുടെ ഒൻപത് വയസ്സുകാരനായ മകനും 25 വയസ്സുകാരനായ ഭാര്യാ സഹോദരനുമാണ് കോഴിക്കോട് ആസ്റ്റർ മിംസിൽ രണ്ടാഴ്ച നീണ്ട ചികിത്സക്കൊടുവിൽ രോഗമുക്തി ലഭിച്ചത്. ബുധനാഴ്ച ലഭിച്ച പരിശോധന ഫലവും ഇന്നലെ രാത്രിയോടെയെത്തിയ രണ്ടാം ഫലവും നെഗറ്റീവ് ആയതോടെയാണ് ഇരുവരെയും ഡിസ്ചാർജ് ചെയ്തത്. ഇതോടെ മിംസിൽ ചികിത്സയിലുണ്ടായിരുന്ന മുഴുവൻ പേരും രോഗമുക്തി നേടി വീട്ടിലേക്ക് മടങ്

പ്ലസ് ടു വിദ്യാർത്ഥിനിയെ നിരന്തരം പീഡിപ്പിച്ചു; സഹോദരൻ പിടിയിൽ

കോഴിക്കോട്: കോഴിക്കോട് താമരശ്ശേരിയിൽ പ്ലസ് ടു വിദ്യാർത്ഥിനിയെ സഹോദരൻ പീഡിപ്പിച്ചതായി പരാതി. സംഭവത്തിൽ യുവാവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.
വീട്ടിൽവെച്ച് സഹോദരൻ നിരന്തരം പീഡിപ്പിച്ചു എന്നാണ് വിദ്യാർത്ഥിനി പരാതിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇയാൾക്കെതിരെ പോക്സോ കേസ് ചുമത്തി കേസ് രജിസ്റ്റർ ചെയ്തു. രണ്ടുവർഷത്തോളമായി വിദ്യാർത്ഥിനിയെ സഹോദരൻ പീഡിപ്പിച്ചു വരികയായിരുന്നു എന്നാണ് വിവരം. കഴിഞ്ഞദിവസമാണ് പെൺകുട്ടി ഇക്കാര്യം കൂട്ടുകാരിയോട് പറയുന്നത്. തുടർന്ന് കൂട്ടുകാരി സ്കൂൾ അധികൃതരെ വിവരം അറിയിച്ചു.
അവർ ചോദിച്ചപ്പോൾ വിവരങ്ങൾ സത്യമാണെന്ന് പെൺകുട്ടി തുറന്ന് സമ്മതിച്ചു. ഇതേത്തുടർന്ന് സ്കൂൾ അധികൃതർ ചൈൽഡ് ലൈനിനെ വിവരം അറിയിച്ച. ചൈൽഡ് ലൈനാണ് പൊലീസിനെ ഇക്കാര്യം അറിയിച്ചത്. പൊലീസ് പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തി.
താമരശ്ശേരി പൊലീസ് കസ്റ്റഡിയിലെടുത്ത സഹോദരനെ ചോദ്യം ചെയ്തശേഷം അറസ്റ്റ് രേഖപ്പെടുത്തുമെന്നാണ് വിവരം.

എസ് മണികുമാറിനെ മനുഷ്യാവകാശകമ്മീഷൻ ചെയർമാനായി നിയമിക്കരുത്; പ്രതിപക്ഷ നേതാവ് ഗവർണർക്ക് കത്ത് നൽകി

മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എസ് മണികുമാറിനെ മനുഷ്യാവകാശ കമ്മിഷൻ ചെയർമാനായി നിയമിക്കണമെന്ന സർക്കാരിന്റെ ശിപാർശ അംഗീകരിക്കരുതെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഗവർണർക്ക് കത്ത് നൽകി. പക്ഷപാതരഹിതമായി പ്രവർത്തിക്കാൻ എസ്. മണികമാറിന് കഴിയുമോയെന്ന ആശങ്കയും കത്തിൽ ചൂണ്ടികാട്ടുന്നു.
മനുഷ്യാവകാശ കമ്മിഷൻ ചെയർമാനെ തെരഞ്ഞെടുക്കുന്ന സമതിയിലും എസ് മണികുമാറിനെ നിയമിക്കുന്നതിനെതിരായ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രതിപക്ഷ നേതാവ് കത്തിൽ പറയുന്നു. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മണികുമാറിന്റെ പേര് മാത്രമാണ് സമിതി യോഗത്തിൽ സർക്കാർ നിർദേശിച്ചത്. ഏകപക്ഷീയമായി ഒരു പേര് അടിച്ചേൽപ്പിക്കാനുള്ള തീരുമാനം ജനാധിപത്യവിരുദ്ധവും ദുരൂഹവുമാണെന്നും പ്രതിപക്ഷ നേതാവ് കത്തിൽ പറയുന്നു.

ഹരിത വിപ്ലവത്തിന്റെ നാഥന് പ്രണാമം

ലോകം ദർശിച്ച ഏറ്റവും ഉന്നതനായ കൃഷി ശാസ്ത്രജ്ഞൻ, ഭാരതത്തിന്റെ പട്ടിണിയകറ്റിയ ഹരിത വിപ്ലവത്തിന്റെ പിതാവ് എം.എസ്.സ്വാമിനാഥൻ വിടപറഞ്ഞിരിക്കുന്നു. ആ ധന്യാത്മാവിന് പ്രണാമം.
സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം കൂട്ടകൊലകളും തുടർന്നു നടന്ന പാക്കിസ്ഥാൻ., ചൈന യുദ്ധങ്ങൾ മൂലവും തകർന്ന് പട്ടിണിയിലേക്ക് കൂപ്പുകുത്തിയിരുന്ന ഇന്ത്യയെ രക്ഷിക്കാൻ ഇറങ്ങി വന്ന അവധൂതനായിരുന്നു എം.എസ്. സ്വാമിനാഥൻ. ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെ വിശപ്പ് മാറ്റുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നവും, കർമ്മ മേഖലയും. ഭക്ഷ്യധാന്യങ്ങൾക്ക് വേണ്ടി അമേരിക്കയടക്കമുള്ള വൻ രാജ്യങ്ങളെ ആശ്രയിച്ചിരുന്ന ഇന്ത്യക്ക് ഭക്ഷ്യ സ്വയം പര്യാപ്തത നേടിക്കൊടുക്കുന്നതിൽ അദ്ദേഹം മുൻ നിരയിലുണ്ടായിരുന്നു. ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ഭക്ഷ്യ സ്വയം പ്രര്യാപ്തത നേടുന്നതിനെക്കുറിച്ച് ആലോചനകൾ മുറുകുന്നത്. അക്കാലം ഗോതമ്പടക്കമുള്ളവ നാം ഇറക്കുമതി ചെയ്യുകയായിരുന്നു. ഇറക്കുമതി ചെയ്യാനുള്ള പണത്തിന് പോലും ബുദ്ധിമുട്ടുന്ന കാലം. ലാൽ ബഹദൂർ ശാസ്ത്രിയുടെയും ഇന്ദിരാഗാന്ധിയുടെയും കൃഷി മന്ത്രിയായിരുന്ന സി.സുബ്രഹ്മണ്യം, ഇദ്ദേഹത്തിന്റെ കീഴിൽ കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറിയായിരുന്ന ബി.ശിവരാമൻ, എം.എസ്. സ്വാമിനാഥൻ എന്നിവരടങ്ങിയ ടീമാണ് ഭക്ഷ്യ സ്വയംപര്യാപ്തത നേടാനുള്ള രാജ്യത്തിന്റെ പ്രവർത്തനത്തിലെ ആസൂത്രകർ.
തന്റെ ജീവിതം മുഴുവൻ കാർഷിക മേഖലയുടെ വികസനത്തിനും കർഷകരുടെ അഭിവൃദ്ധിക്കും, സ്ത്രീ ശാക്തീകരണത്തിനും മാറ്റിവെച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സ്വന്തം രാജ്യത്തിന്റെ വിശപ്പകറ്റാൻ തന്റെ പഠന മേഖലയായ ജന്തു ശാസ്ത്രം വിട്ട്, കൃഷി ശാസ്ത്രത്തിലേക്ക് നടന്നു കയറിയ വ്യക്തിയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ കാർഷിക വരുമാനമല്ല കൂടേണ്ടത്, കർഷകരുടെ വരുമാനമാണെന്ന് അദ്ദേഹം വിശ്വസിച്ചു. വിമർശനങ്ങൾക്ക് അദ്ദേഹം പരിഗണന നൽകുകയും, ശാസ്ത്രീയമായി തന്നെ മറുപടി പറയുകയും ചെയ്തു. സ്വാമിനാഥന്റെ നിലപാടുകൾ ശരിവെക്കുന്നതായിരുന്നു നമ്മുടെ ഗോഡൗണുകളും റേഷൻ കടകളും നിറഞ്ഞ് കവിഞ്ഞത്.
രാസ വസ്തുക്കളുടെ അമിത പ്രയോഗം അപകടം സൃഷ്ടിക്കുമെന്ന് പറഞ്ഞവരോട് മിതമായി ഉപയോഗിച്ച് കൃഷി വർദ്ധിപ്പിക്കാമെന്നദ്ദേഹം സമർത്ഥിച്ചു. നമ്മുടെ രാജ്യം കടപ്പെട്ടിരിക്കുന്നത് ഈ മനുഷ്യനോടാണ്. അദ്ദേഹം നടത്തിയ മുന്നേറ്റത്തോടാണ്. അദ്ദേഹം നടത്തിയ പരീക്ഷണങ്ങൾ ഇനിയും തുടരണം. കർമ്മ കുശലതയിലൂടെയും ചിട്ടയിലൂടെയും മാനവരാശിക്ക് സാന്ത്വനം നൽകിയ അദ്ദേഹത്തിന്റെ ജീവിതം പുതു തലമുറ സ്വായത്തമാക്കണം. ഇന്ത്യയുടെ വിശപ്പിന് പരിഹാരം കണ്ട അദ്ദേഹം പുതു തലമുറക്ക് വഴികാട്ടിയാണ്.

മുൻ എം.എൽ.എ. എം.കെ പ്രേംനാഥ് അന്തരിച്ചു

കോഴിക്കോട്: വടകര മുൻ എംഎൽഎ. എം.കെ പ്രേംനാഥ് (72)അന്തരിച്ചു. വടകര ചോമ്പാല തട്ടോളിക്കര സ്വദേശിയായ അദ്ദേഹം കഴിഞ്ഞ ഒരാഴ്ചയായി ന്യൂറോ സംബന്ധമായ അസുഖത്തെ തുടർ ന്ന്കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് മരണം സംഭവിച്ചത് എൽ.ജെ.ഡി സംസ്ഥാന വൈസ് പ്രസിഡന്റ് ആണ്.
വിദ്യാർഥിയായിരിക്കുമ്പോൾ മുതൽ പൊതുപ്രവർത്തനം തുടങ്ങിയ പ്രേംനാഥ് സാഷ്യലിസ്റ്റ് വിദ്യാർഥി സംഘടനയായ ഐ.എസ്.ഒയുടെ പ്രവർത്തകനായാണ് രാഷ്ട്രീയജീവിതം തുടങ്ങിയത്. പിന്നീട് ഐ.എസ്.ഒയുടെ സംസ്ഥാന പ്രസിഡൻറായി. യുവജനതാദളിന്റെ സംസ്ഥാന വൈസ് പ്രസിഡൻറ്, സെക്രട്ടറി, ദേശീയ കമ്മിറ്റി അംഗം, യുവജനത സംസ്ഥാന ആക്ടിങ് പ്രസിഡൻറ്, ജനതാദളിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി, വടകര റൂറൽ ബാങ്കിന്റെ പ്രസിഡൻറ്, തിരുവനന്തപുരം ചിത്ര എൻജിനീയറിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.
മടപ്പള്ളി ഗവ.കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും കേരള സർവകലാശാലയിൽ നിന്ന് എം.എയും നേടിയിട്ടുണ്ട്. ഭാരതീയ വിദ്യാഭവനിൽ നിന്ന് പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ഡിപ്ലോമയും കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തര ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്. പരേതനായ കുന്നമ്പത്ത് നാരായണന്റെയും പത്മാവതി അമ്മയുടെയും മകനാണ്. പരേതയായ പ്രഭാവതിയാണ് ഭാര്യ. മകൾ: പ്രിയ

ഇരട്ട ന്യൂനമർദം: നാലു ജില്ലകളിൽ ഓറഞ്ച് അലർട്ട്, മഴ കനക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് നാലു ജില്ലകളിൽ തീവ്ര മഴയ്ക്കു സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിൽ നേരത്തെയെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും ന്യൂനമർദ്ദം രൂപപ്പെട്ടതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത അഞ്ചു ദിവസം കേരളത്തിൽ മഴയ്ക്കു സാധ്യതയെന്നും കാലാവസ്ഥാ മുന്നറിയിപ്പിൽ പറയുന്നു.
മധ്യ കിഴക്കൻ അറബിക്കടലിൽ കൊങ്കൺ ഗോവ തീരത്തിന് സമീപമാണ് ന്യൂന മർദ്ദം രൂപപ്പെട്ടത്. അടുത്ത 24 മണിക്കൂറിനുള്ളിൽ ശക്തിപ്രാപിച്ചു പടിഞ്ഞാറു വടക്കു പടിഞ്ഞാറ് ദിശയിൽ സഞ്ചരിക്കാൻ സാധ്യതയെന്ന അറിയിപ്പിൽ പറയുന്നു.വടക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിനും മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിലായി രൂപപ്പെട്ട ന്യൂന മർദ്ദം അടുത്ത 48 മണിക്കൂറിനുള്ളിൽ ശക്തിപ്രാപിച്ചു വടക്ക് പടിഞ്ഞാറു ദിശയിൽ സഞ്ചരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് ശക്തി പ്രാപിച്ച് ഒഡിഷ പശ്ചിമ ബംഗാൾ തീരത്തേക്ക് നീങ്ങാനാണ് സാധ്യത.കേരളത്തിൽ അടുത്ത 5 ദിവസം മിതമായ / ഇടത്തരം മഴ / ഇടി / മിന്നൽ തുടരാൻ സാധ്യത. സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

തിരുവനന്തപുരത്ത് മലയോര തീരദേശ യാത്രകൾക്കും ഖനന പ്രവർത്തനങ്ങൾക്കും വിലക്ക്

തിരുവനന്തപുരം ജില്ലയിൽ ക്വാറിയിങ്, മൈനിങ് പ്രവർത്തനങ്ങളും മലയോര, കായലോര, കടലോര മേഖലയിലേക്കുള്ള അവശ്യ സർവീസുകൾ ഒഴികെയുള്ള ഗതാഗതവും വിനോദസഞ്ചാരവും ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിരോധിച്ചതായി ജില്ലാ കളക്ടർ ജെറോമിക് ജോർജ് അറിയിച്ചു. ജില്ലയിൽ അതിശക്തമായ മഴ തുടരുന്നതിനാലും ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലുമാണ് നിരോധനം.

തുറന്ന കോടതിയിൽ മാപ്പപേക്ഷിച്ച് സിഐടിയു നേതാവ്; ബസ് ഉടമയെ മർദിച്ചതിൽ കേസ് തീർപ്പാക്കി

കോട്ടയം: കോട്ടയം തിരുവാർപ്പിൽ ബസുടമയെ മർദ്ദിച്ച സംഭവത്തിൽ സിഐടിയു നേതാവ് മാപ്പ് പറഞ്ഞു. ആക്രമിക്കപ്പെട്ട ബസുടമയോടും കോടതിയോടുമാണ് സിഐടിയു നേതാവ് അജയൻ മാപ്പ് അപേക്ഷിച്ചത്. തുറന്ന കോടതിയിലായിരുന്നു അജയന്റെ മാപ്പപേക്ഷ. ഇതേത്തുടർന്ന് കോടതിയലക്ഷ്യ ഹർജി ഹൈക്കോടതി തീർപ്പാക്കി. അജയന്റെ മാപ്പപേക്ഷ സ്വീകരിക്കരുതെന്ന് ബസുടമ രാജ്മോഹൻ കോടതിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ആവശ്യം അംഗീകരിക്കാതിരുന്ന കോടതി കേസ് തീർപ്പാക്കുകയായിരുന്നു.
ബസ് ഉടമയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസ് നിലവിലുണ്ടെന്നും അതിനാൽ കോടതിയലക്ഷ്യ നടപടി ഒഴിവാക്കണമെന്നും സത്യവാങ്മൂലത്തിലൂടെ അജയൻ ആവശ്യപ്പെട്ടിരുന്നു.വേതനം നൽകുന്നതിലെ വിവേചനം അവസാനിപ്പിക്കണമെന്നും ജീവനക്കാർക്കെല്ലാം ഒരേപോലെ വേതന വർധനവ് നടപ്പാക്കണമെന്നും ആവശ്യപ്പെട്ടാണ് വെട്ടിക്കുളങ്ങര ബസിന് മുന്നിൽ സിഐടിയു സമരം തുടങ്ങിയത്. സമരത്തെ തുടർന്ന് ആഴ്ചകളോളം ബസ് സർവീസ് നിലച്ചു. തുടർന്ന് ബിജെപി അനുഭാവിയായ ബസുടമ രാജ്മോഹൻ ബസിന് മുന്നിൽ ലോട്ടറി വിൽപ്പന തുടങ്ങി. പിന്നീട് കോടതിയെ സമീപിച്ച് ബസ് സർവീസ് നടത്താൻ അനുമതി നേടി. കോടതി ഉത്തരവിന്റെ പിൻബലത്തിൽ ബസിന് മുന്നിലെ സിഐടിയുവിന്റെ കൊടിതോരണങ്ങൾ അഴിക്കാൻ രാജ്മോഹൻ ശ്രമിച്ചതാണ് സംഘർഷത്തിന് ഇടയാക്കിയത്. കൊടി അഴിച്ചതിനെത്തുടർന്ന് അജയൻ ബസുടമയെ ആക്രമിക്കുകയായിരുന്നു.

ലോകഹൃദയ ദിനം വേറിട്ട രീതിയിൽ ആചരിച്ച് മേയ്ത്ര ഹോസ്പിറ്റൽ

'ഇക്കിഗായ് രീതിയിലൂടെ നിങ്ങളുടെ ഹൃദയം കണ്ടെത്തൂ' എന്ന പ്രോഗ്രാമിൽ എഴുത്തുകാരൻ ഫ്രാൻസെസെക് മിറാലെസും കെഇഎഫ് ഹോൾഡിംഗ്സ് & മേയ്ത്ര ഹോസ്പിറ്റൽ ചെയർമാൻ ഫൈസൽ ഇ കൊട്ടികൊല്ലൻ എന്നിവർക്കൊപ്പം മേയ്ത്ര ഹാർട്ട് ആൻഡ് വാസ്കുലർ കെയറിൽ നിന്നുള്ള ഡോക്ടർമാർ

കോഴിക്കോട്: ലോകഹൃദയ ദിനത്തോടനുബന്ധിച്ച് വേറിട്ട പരിപാടിയുമായി കോഴിക്കോട് മേയ്ത്ര ഹോസ്പിറ്റൽ. പ്രശസ്ത ഹൃദ്രോഗവിദഗ്ധരുടെ ചർച്ച, മേയ്ത്രയിലെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ഒരു വർഷം പിന്നിട്ട വ്യക്തിയും ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ പ്രഗത്ഭ ഡോക്ടറുമായുള്ള ചർച്ച, ഹൃദയാരോഗ്യം മികച്ചതാക്കാൻ ജാപ്പനീസ് തത്വചിന്ത പ്രയോഗിക്കുന്ന ലോകപ്രശസ്ത പുസ്തകത്തിന്റെ രചയിതാവ് ഫ്രാൻസെസ് മിറാലെസിന്റെ നേതൃത്വത്തിൽ നടന്ന ചർച്ച എന്നിങ്ങനെ വിപുലമായ പരിപാടികളോടെയാണ് മേയ്ത്ര ഹോസ്പിറ്റൽ ലോക ഹൃദയദിനാചരണം വ്യത്യസ്തമാക്കിയത്. ഹൃദ്രോഗ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നടന്ന കാർഡിയോളജിസ്റ്റുകളുടെ ചർച്ചയ്ക്ക് കാർഡിയോളജി വിഭാഗം ചെയർ, സീനിയർ കൺസൽട്ടന്റ്, ഡോ. ഷഫീക്ക് മാട്ടുമ്മൽ നേതൃത്വം വഹിച്ചു. കാർഡിയോളജി വിഭാഗം മേധാവി ഡോ. അനിൽ സലീം, സീനിയർ കാർഡിയോളജിസ്റ്റുകളായ ഡോ. ശ്രീതൽ രാജൻ, ഡോ. ഷാജുദ്ദീൻ കായക്കൽ, ഡോ. ജോമി വി ജോസ്, ഡോ. മുഹമ്മദ് റാഫി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഇന്റർവെൻഷനൽ ഹൃദയ ചികിത്സയിൽ വന്ന നൂതന മാറ്റങ്ങൾ, ഹൃദ്രോഗ പ്രതിരോധം, ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ടുള്ള തെറ്റിദ്ധാരണകൾ തുടങ്ങിയവയിലൂന്നിയാണ് ചർച്ച നടന്നത്. ആളുകളുടെ ജീവിതത്തെ കൂടുതൽ മൂല്യവത്താക്കുന്നതിൽ വലിയ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന മേയ്ത്ര ഹോസ്പിറ്റലിലെ സെന്റർ ഓഫ് എക്സലൻസ് ഫോർ ഹാർട്ട് ആന്റ് കാർഡിയോവാസ്കുലർ കെയർ അഭിമാനകരമായ നേട്ടങ്ങളാണ് കൈവരിച്ചുകൊണ്ടിരിക്കുന്നതെന്ന് ഹോസ്പിറ്റൽ ചെയർമാൻ ഫൈസൽ കൊട്ടിക്കോളൻ പറഞ്ഞു. പ്രഗത്ഭരായ കാർഡിയോളജിസ്റ്റുകൾക്കും ഹാർട്ട് സർജൻമാർക്കുമൊപ്പം മേയ്ത്ര ചികിത്സാരംഗത്ത് ഇനിയുമേറെ ഉയരുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. വളർച്ചയുടെ അടുത്ത ഘട്ടമെന്ന നിലയിൽ 'രോഗത്തിൽ നിന്ന് ആരോഗ്യത്തിലേക്ക് ശ്രദ്ധയൂന്നുക' എന്ന ആശയത്തിൽ പ്രതിരോധത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾക്കാവും പ്രാമുഖ്യം നൽകുകയെന്നും അദ്ദേഹം പറഞ്ഞു.മേയ്ത്ര ഹോസ്പിറ്റലിലെ ആദ്യത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായ 31കാരൻ ദിഗ്വിജയ് സിംഗും ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ പ്രശസ്ത ഡോക്ടറും കാർഡിയോവാസ്കുലർ സർജറി ചെയറുമായ ഡോ. മുരളി വെട്ടത്തും തമ്മിൽ നടന്ന സംഭാഷണം ഏവരുടെയും ഹൃദയം കവരുന്നതായി. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ് ഒരു വർഷം പൂർത്തിയാകുമ്പോൾ പുതുജീവിതം ലഭിക്കാൻ കാരണക്കാരായവരോടൊപ്പം അല്പം സമയം ചെലവഴിക്കാനും ഡോ. മുരളി വെട്ടത്ത് ഉൾപ്പെടെയുള്ള ഡോക്ടർമാർക്കും സംഘത്തിനും നന്ദി പ്രകടിപ്പിക്കാനുമാണ് ദിഗ്വിജയ് സിംഗ് ദുബൈയിൽ നിന്ന് കോഴിക്കോട്ടെത്തിയത്.
ഒരു വർഷം പൂർത്തിയാകുമ്പോൾ ജീവിതത്തിലേക്ക് പൂർണമായും തിരികെ വന്നതിന്റെ സന്തോഷത്തിലാണ് ദിഗ്വിജയ് സിംഗ്.ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട പുസ്തകങ്ങളിലൊന്നായ 'ഇക്കിഗായ്' ഇദ്ദേഹം രചിച്ച പുസ്തകമാണ്.
ഇക്കിഗായ് എന്ന ജാപ്പനീസ് തത്വചിന്ത ആരോഗ്യകരമായ ജീവിതം നയിക്കുന്നതിലേക്കുള്ള മാർഗ്ഗദർശകമായി ഉപയോഗിക്കുന്നതെങ്ങനെയെന്നും ഹൃദയത്തിന്റെ പ്രവർത്തനക്ഷമത മികച്ചതാക്കുന്നതെങ്ങനെയെന്നും അദ്ദേഹം വിശദീകരിച്ചു.

'അമ്മ, അച്ഛ... ഞാൻ പോകുന്നു'; കത്ത് എഴുതി വെച്ച ശേഷം പതിമൂന്നുകാരൻ വീടുവിട്ടുപോയി



തിരുവനന്തപുരം: തിരുവനന്തപുരം കാട്ടാക്കടയിൽ കത്ത് എഴുതി വെച്ച ശേഷം എട്ടാം ക്ലാസ് വിദ്യാർത്ഥി വീടുവിട്ടുപോയി. ആനക്കോട് സ്വദേശിയായ പതിമൂന്നുകാരനെയാണ് കാണാതായത്. കുട്ടി കാട്ടക്കടയിൽ നിന്നും ബാലരാമപുരത്തേക്ക് പോയതായിട്ടാണ് പൊലീസിന് വിവരം ലഭിച്ചത്.
ഇന്നു രാവിലെയാണ് സംഭവം. രാവിലെ കുട്ടിയെ കാണാതായതിനെത്തുടർന്ന് അന്വേഷിച്ചപ്പോഴാണ് വീട്ടുകാർക്ക് കത്തു ലഭിക്കുന്നത്. അമ്മ, അച്ഛൻ ഞാൻ പോകുന്നു. എന്റെ കളർ സെറ്റ് എട്ട് എയിലെ ആദിത്യന് നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.
തുടർന്ന് കാട്ടാക്കട പൊലീസിൽ വീട്ടുകാർ പരാതി നൽകി. പൊലീസ് നടത്തിയ അന്വേഷണത്തിൽ രാവിലെ 5.30 ന് കുടുചൂടി ബാഗുമായി പോകുന്ന കുട്ടിയുടെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചു. കാട്ടാക്കടയിൽ നിന്നും വിഴിഞ്ഞം ബസിൽ കയറി പോയതായാണ് വിവരം ലഭിച്ചത്.
കുട്ടി വീടുവിട്ടിറങ്ങാൻ മതിയായ കാരണങ്ങളൊന്നും വീട്ടിൽ ഉണ്ടായിരുന്നില്ലെന്നാണ് പൊലീസിന് ലഭിച്ച പ്രാഥമിക വിവരം.കുട്ടിയെ കണ്ടെത്തിയാൽ വിവരം അറിയിക്കണമെന്ന് പൊലീസ് ജില്ലയിലെ എല്ലാ പൊലീസ് സ്റ്റേഷനിലേക്കും വിവരം കൈമാറിയിരുന്നു.

കുട്ടിയെ പിന്നീട് കണ്ടെത്തി

കത്തെഴുതി വെച്ച് വീടു വിട്ടുപോയ പതിമൂന്നുകാരനെ പിന്നീട് പൊലീസ് കണ്ടെത്തി. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണമാണ് നിർണായകമായത്.
കള്ളിക്കാടു നിന്നും കാട്ടാക്കടയിലേക്കുള്ള ബസിൽ കുട്ടിയുണ്ടെന്ന് പൊലീസിന് വിവരം ലഭിച്ചു. തുടർന്ന് ഇക്കാര്യം ഉറപ്പാക്കിയ ശേഷം പൊലീസെത്തി ബസിൽ നിന്നും കുട്ടിയെ കൂട്ടിക്കൊണ്ടുപോകുകയായിരുന്നു.
കാട്ടാക്കട പൊലീസ് സ്റ്റേഷനിലെത്തിച്ച കുട്ടിയോട് വീടു വിട്ടു പോകാൻ ഇടയായ കാരണങ്ങൾ എന്താണെന്ന് പൊലീസ് വിശദമായി ചോദിച്ച് അറിയും. കുട്ടിക്ക് കൗൺസലിങ് അടക്കം നൽകിയ ശേഷമാകും തിരികെ മാതാപിതാക്കൾക്ക് തിരികെ നൽകുകയെന്നാണ് വിവരം. വീടുവിട്ടു പോകാൻ ഇടയാക്കിയ മനോവിഷമത്തിന് കാരണം എന്താണെന്ന് അറിയില്ലെന്ന് വീട്ടുകാരും സ്കൂൾ അധികൃതരും പറയുന്നു.

പാകിസ്ഥാനിൽ നബിദിന റാലിക്കിടെ ചാവേർ സ്ഫോടനം; 52 മരണം

ആക്രമണം നടന്ന സ്ഥലത്ത് മൃതദേഹങ്ങൾ മൂടിയിട്ടിരിക്കുന്നു

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ ബലൂചിസ്ഥാനിലുണ്ടായ ചാവേർ സ്ഫോടനത്തിൽ 52 പേർ കൊല്ലപ്പെട്ടു. 150 ലേറെ പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു.
ബലൂചിസ്ഥാനിലെ മസ്തുങ് ജില്ലയിലെ മദീന മോസ്കിലാണ് സ്ഫോടനം നടന്നത്. പള്ളിയിൽ നബിദിനാഘോഷം നടക്കുന്നതിനിടെ, ചാവേർ പൊലീസ് വാഹനത്തിന് അടുത്തെത്തി പൊട്ടിത്തെറിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു.മസ്തുങ് പൊലീസ് ഡിഎസ്പി നവാസ് ഗാഷ്കോരിയും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. നബിദിന റാലിയുമായി ബന്ധപ്പെട്ട ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടതായിരുന്നു അദ്ദേഹം. പരിക്കേറ്റ പലരുടേയും നില ഗുരുതരമാണെന്നാണ് റിപ്പോർട്ടുകൾ. സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. പാക് സർക്കാരിനെതിരെ ഏറെക്കാലമായി ആഭ്യന്തര സംഘർഷം നിലനിൽക്കുന്ന പ്രദേശമാണ് ബലൂചിസ്ഥാൻ.

എം.ജി.എസ് നാരായണന് എം.കെ.രാഘവൻ എം.പി പുരസ്ക്കാരം നൽകുന്നു

ഡോ: എം. ജി. എസ് നാരായണനെ ആദരിച്ചു

കോഴിക്കോട് : ചരിത്രസാക്ഷ്യങ്ങൾക്കും ഇന്ത്യൻ സംസ്കൃതിക്കും നവചൈതന്യം പകർന്ന് തലമുറകളെ നിതാന്ത ജാഗ്രതയിലേക്ക് നയിച്ച ചരിത്ര അന്വേഷികളുടെ വിശ്വ ഗുരുവായ ഡോ: എം.ജി.എസ് നാരായണനെ പീപ്പിൾസ് ആക്ഷൻ ഗ്രൂപ്പിന്റെ ആഭ്യമുഖ്യത്തിൽ ആദരിച്ചു.
കോഴിക്കോട് വെള്ളിമാട്കുന്ന് റോഡ് വികസനം സാക്ഷത്കരിക്കുന്നതിന് വേണ്ടി അഹോരാത്രം മുൻപന്തിയിൽ നിന്നും പ്രവർത്തിച്ച ഡോ: എം.ജി.എസ് നാരായണന്റെ പ്രവർത്തനം ഏത് കാലത്തും കോഴിക്കോട് ജനത ഓർമ്മിക്കപ്പെടും എന്നു പുരസ്ക്കാരസമർപ്പണം നടത്തിയ എം.കെ. രാഘവൻ എം.പി ചൂണ്ടിക്കാട്ടി. പ്രസിഡണ്ട് അഡ്വ: എ.കെ.ജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ : കെ. മൊയ്തു പൊന്നാട അണിയിച്ചു പി.ആർ. സുനിൽ സിംഗ്, കെ.എഫ്. ജോർജ്, യൂനസ് പരപ്പിൽ, എം.എ. സത്താർ, കെ. സന്തോഷ് കുമാർ, എം.എസ്. മെഹബൂബ്,പി.പി.സതീഷ് കുമാർ എന്നിവർ സംസാരിച്ചു.

വീരപ്പൻ വേട്ടയുടെ പേരിൽ നരനായാട്ട്

ഫോറസ്റ്റ്, പൊലീസ് ഉദ്യോഗസ്ഥർക്കു തടവ്, ശിക്ഷ ശരിവച്ച് ഹൈക്കോടതി

ചെന്നൈ: വീരപ്പൻ വേട്ടയുടെ പേരിൽ തമിഴ്നാട്ടിലെ ആദിവാസി ഗ്രാമമായ വച്ചാത്തിയിൽ ക്രൂരമായ നരനായാട്ടു നടത്തിയ കേസിൽ 215 ഫോറസ്റ്റ്, പൊലീസ്, റവന്യൂ ഉദ്യോഗസ്ഥരുടെ ശിക്ഷ മദ്രാസ് ഹൈക്കോടതി ശരിവച്ചു.

തടവുശിക്ഷ വിധിച്ച ധർമപുരി പ്രിൻസിപ്പൽ സെഷൻസ് കോടതി ഉത്തരവിനെതിരെ ഉദ്യോഗസ്ഥർ നൽകിയ അപ്പീൽ ജസ്റ്റിസ് വേൽമുരുകൻ തള്ളി.

126 ഫോറസ്റ്റ് ഉദ്യോഗസ്ഥരും 84 പൊലീസുകാരും അഞ്ചു റവന്യൂ ഉദ്യോഗസ്ഥരും കുറ്റക്കാരാണെന്നാണ്, 2011 സെപ്റ്റംബറിൽ സെഷൻസ് കോടതി കണ്ടെത്തിയത്. ഇവരിൽ 54 പേർ വിചാരണക്കാലയളവിൽ മരിച്ചതിനാൽ 215 പേരാണ് അപ്പീലുമായി ഹൈക്കോടതിയെ സമീപിച്ചത്. പത്തു വർഷം വരെയുള്ള തടവുശിക്ഷയാണ് ഇവർക്ക് വിചാരണക്കോടതി വിധിച്ചത്. ഇതു ശരിവച്ച ഹൈക്കോടതി അതിക്രമത്തിന് ഇരയായവർക്ക് പത്തു ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും ഇതിൽ പകുതി ശിക്ഷിക്കപ്പെട്ടവരിൽനിന്ന് ഈടാക്കണമെന്നും ഉത്തരവിട്ടു.

ഇരകൾക്ക് ഉചിതമായ സർക്കാർ ജോലി നൽകണമെന്നു നിർദേശിച്ച ഹൈക്കോടതി ജില്ലാ കലക്ടർക്കും വനം വകുപ്പ് സൂപ്രണ്ട് ഉൾപ്പെടെയുള്ളവർക്കുമെതിരെ കടുത്ത നടപടി സ്വീകരിക്കാനും സർക്കാരിനോട് ആവശ്യപ്പെട്ടു.

വീരപ്പൻ വേട്ടയുടെ പേരിൽ 1992 ജൂണിൽ ആദിവാസി ഗ്രാമത്തിലെത്തിയ ഉദ്യോഗസ്ഥ സംഘം ക്രൂരമായ നരവേട്ട നടത്തുകയായിരുന്നു. 18 സ്ത്രീകൾ ആവർത്തിച്ചുള്ള ബലാത്സംഗത്തിന് ഇരയായി. 100ലേറെ പുരുഷന്മാരെ ക്രൂരമായി തല്ലിച്ചതച്ച ഉദ്യോഗസ്ഥ സംഘം ഗ്രാമം മുഴുവൻ കൊള്ളയടിച്ചു. സിപിഎം പ്രവർത്തകരുടെ ഇടപെടലോടെയാണ് ക്രൂരത പുറംലോകം അറിഞ്ഞത്.

നീണ്ട നിയമ പോരാട്ടത്തിന് ഒടുവിൽ സിബിഐ അന്വേഷണത്തിന് സുപ്രീം കോടതി ഉത്തരവിടുകയായിരുന്നു. 1996ൽ കേസിൽ 269 ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം സമർപ്പിച്ചു.

എംജിആറിന്റെ പ്രതിമയിൽ കാവി ഷാൾ അണിയിച്ച സംഭവത്തിൽ തമിഴ്നാട്ടിൽ വൻ പ്രതിഷേധം

ചെന്നൈ: എഐഎഡിഎംകെ സ്ഥാപകനും മുൻ മുഖ്യമന്ത്രിയുമായ എംജിആറിന്റെ പ്രതിമയിൽ കാവി ഷാൾ അണിയിച്ച സംഭവത്തിൽ തമിഴ് നാട്ടിൽ വൻ പ്രതിഷേധം. വ്യാഴാഴ്ച തമിഴ്നാട്ടിലെ തിരുപ്പോരൂരിലുള്ള എംജി ആർ പ്രതിമയാണ് കാവി ഷാൾ അണിയിച്ച നിലയിൽ കണ്ടെത്തിയത്. ഇതിന് പിന്നാലെ പ്രതിഷേധവുമായി എത്തിയ എഐഎഡിഎംകെ പ്രവർത്തകർ പോലീസിൽ പരാതി നൽകി.

പ്രതിമയിൽ കാവി ഷാൾ കണ്ടെത്തിയ വാർത്ത പരന്നതോടെ പ്രദേശത്തേക്ക് എത്തിയ എഐഎഡിഎംകെ പ്രവർത്തകർ സ്ഥലത്ത് തടിച്ചുകൂടി. ഇരുമ്പ് കൂടുകൊണ്ട് സംരക്ഷിച്ചിരിക്കുന്ന പ്രതിമയിൽ എങ്ങനെയാണ് ഷാൾ അണിയിച്ചതെന്ന് വ്യക്തമായിട്ടില്ല. അക്രമികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് പാർട്ടി പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തുകയും തമിഴ് നാട് സർക്കാരിനെതിരെ മുദ്രാവാക്യം വിളിക്കുകയും ചെയ്തു. പൊലീസ് സ്ഥലത്തെത്തി നടപടി എടുക്കുമെന്ന് ഉറപ്പ് നൽകിയതോടെ ജനക്കൂട്ടം പിരിഞ്ഞു പോവുകയായിരുന്നു. അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രദേശത്ത് സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ പ്രധാന പ്രതിപക്ഷ പാർട്ടിയായ എഐഎഡിഎംകെ എൻഡിഎ സഖ്യം വിടാൻ തീരുമാനിച്ചതിന് തൊട്ടുപിന്നാലെയാണ് സംഭവം. തീരുമാനം പ്രഖ്യാപിക്കുമ്പോൾ, പാർട്ടിയുടെ മുൻകാല നേതാക്കളെ കുറിച്ച് ബി.ജെ.പി അനാവശ്യ പരാമർശങ്ങൾ നടത്തുകയാണെന്ന് എഐഎഡിഎംകെ ചൂണ്ടിക്കാട്ടിയിരുന്നു.

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എം. എസ് സ്വാമിനാഥൻ അന്തരിച്ചു

ചെന്നൈ: ഇന്ത്യൻ ഹരിതവിപ്ലവത്തിൻറെ പിതാവ് എം.എസ് സ്വാമിനാഥൻ അന്തരിച്ചു. 98 വയസ്സായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചെന്നൈയിലെ വീട്ടിൽ വിശ്രമത്തിലിരിക്കെയാണ് അന്ത്യം. രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്. ബോർലോഗ് അവാർഡ്, പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, റമൺ മാഗ്സസെ അവാർഡ്, പ്രഥമ ലോക ഭക്ഷ്യ സമ്മാനം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. 1966 ൽ മെക്സിക്കൻ ഗോതമ്പ് ഇനങ്ങൾ ഇന്ത്യൻ കാലാവസ്ഥക്ക് അനുയോജ്യമാക്കി മാറ്റി പഞ്ചാബിലെ പാടശേഖരങ്ങളിൽ അദ്ദേഹം നൂറു മേനി കൊയ്തു. ഇത് സ്വാമിനാഥനെ ഇന്ത്യയിലെ ഹരിത വിപ്ലവത്തിൻറെ പിതാവാക്കി.

സ്വാമിനാഥൻറെ പരിശ്രമങ്ങളാണ് തെക്കു കിഴക്കേഷ്യയിലെ മിക്ക രാജ്യങ്ങളെയും പട്ടിണിയിൽ നിന്നും കരകയറ്റിയത്. 1952 ൽ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നും ജനിതകശാസ്ത്രത്തിൽ പി.എച്ച് ഡി നേടി. ഡോ.മങ്കൊമ്പ് കെ.സാംബശിവൻറെയും തങ്കത്തിൻറെയും മകനായി തമിഴ്നാട്ടിലെ കുംഭകോണത്ത് 1925 ആഗസ്ത് 7ന്ാണ് ജനനം. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ പുളിങ്കുന്ന് മങ്കൊമ്പ് എന്ന സ്ഥലത്താണ് ഇദ്ദേഹത്തിൻറെ തറവാട്.കുംഭകോണത്തുനിന്നും പത്താംക്ലാസ്സ് പഠനം പൂർത്തിയാക്കിയ സ്വാമിനാഥൻ 1940ൽ തിരുവനന്തപുരത്ത് മഹാരാജാസ് കോളജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളജ്) ജന്തുശാസ്ത്രത്തിൽ ബിരുദപഠനത്തിന് ചേർന്നു. കാർഷികപാരമ്പര്യമുള്ള കുടുംബത്തിലെ അംഗമായ അദ്ദേഹം കൃഷി വരുമാനമാർഗ്ഗമാക്കണമെന്നതിലുപരി, അനേകായിരം കുടുംബങ്ങൾക്ക് വരുമാനം നൽകുന്നതരത്തിൽ ഒരു ശാസ്ത്രവും സങ്കേതവുമാക്കാനുള്ള ആഗ്രഹവുമായി കോയമ്പത്തൂർ കാർഷിക കോളജ്, ഇന്ത്യൻ കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ തുടർ പഠനം നടത്തി. മീന സ്വാമിനാഥനാണ് ഭാര്യ. നിത്യ, സൗമ്യ, മധുര എന്നിവർ മക്കളാണ്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ രാമചന്ദ്രൻ മരുമകനാണ്.

'നെഹ്റുവല്ല ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി'; അവകാശവാദവുമായി ബി. ജെ. പി നേതാവ്

ബംഗളൂരു: ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവല്ലെന്ന് മുൻ കേന്ദ്രമന്ത്രിയും ബി.ജെ.പി നേതാവുമായ ബസൻഗൗഡ പാട്ടീൽ യത്നാൽ. സുഭാഷ് ചന്ദ്രബോസാണ് ആദ്യ പ്രധാനമന്ത്രിയെന്നും അദ്ദേഹം അവകാശപ്പെട്ടു.

കർണാടകയിൽ ഒരു പൊതുപരിപാടിയിൽ നടത്തിയ പ്രസംഗത്തിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ സമരരീതികളെയും ബി.ജെ.പി എം.എൽ.എ പരിഹസിക്കുന്നുണ്ട്.

"നിരാഹാര സമരം കൊണ്ടോ ഒരു കവിളിൽ അടിച്ചാൽ മറ്റേ കവിളും കാണിച്ചുകൊടുക്കുമെന്ന വാക്കുകൾ കേട്ടോ ഒന്നുമല്ല നമ്മൾക്ക് സ്വാതന്ത്ര്യം ലഭിച്ചതെന്ന് ബാബാസാഹെബ് ഒരു പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. നേതാജി സുഭാഷ് ചന്ദ്ര ബോസ് സൃഷ്ടിച്ച ഭയം കാരണമാണ് നമ്മൾക്കു സ്വാതന്ത്ര്യം കിട്ടിയത്.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷമാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത്. സുഭാഷ് ചന്ദ്ര ബോസാണ് സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ അന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരുന്നു"–മുൻ കേന്ദ്ര റെയിൽവേ-ടെക്സ്റ്റൈൽസ് സഹമന്ത്രി കൂടിയായ ബസൻഗൗഡ വാദിച്ചു.

12കാരിയെ ബലാത്സംഗം ചെയ്ത സംഭവം; മുഖ്യപ്രതി അറസ്റ്റിൽ

ഉജ്ജയിൻ: മധ്യപ്രദേശിലെ ഉജ്ജയിനിൽ 12 വയസുകാരി ബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ പ്രധാനപ്രതി അറസ്റ്റിൽ.

ഭരത് സോണി എന്നയാളെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. പൊലീസിന്റെ വലയിൽ നിന്നും ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ, ഇയാൾക്ക് വീണു പരിക്കേറ്റു. പെൺകുട്ടിയെ പീഡിപ്പിച്ച സ്ഥലത്ത് പ്രതിയെ എത്തിച്ചു തെളിവെടുപ്പു നടത്തുന്നതിനിടെയാണ് ഇയാൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചത്. എന്നാൽ പൊലീസ് പിന്തുടർന്നു പിടികൂടുകയായിരുന്നു.

വീണു പരിക്കേറ്റ പ്രതിയെ ആശുപത്രിയിൽ എത്തിച്ചപ്പോൾ

കേസിൽ, നേരത്തെ ഒരു ഓട്ടോ ഡ്രൈവറെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. 38കാരനായ രാകേഷ് എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. ഇയാൾ പെൺകുട്ടിയെ ഓട്ടോറിക്ഷയിൽ കയറ്റി കൊണ്ടുപോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിരുന്നു.

ഓട്ടോറിക്ഷയിൽ രക്തത്തുള്ളികളും കണ്ടെത്തിയിട്ടുണ്ട്. ഇത് ഫോറൻസിക് പരിശോധനക്ക് വിധേയമാക്കുമെന്നും പൊലീസ് അറിയിച്ചു. കേസുമായി ബന്ധപ്പെട്ട് മൂന്നുപേരെ കൂടി പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ബലാത്സംഗത്തിന് ഇരയായ പെൺകുട്ടി വിവസ്ത്രയായി രക്തവുമൊലിപ്പിച്ച് സഹായം തേടി നടക്കുന്നതിന്റെ ദൃശ്യങ്ങൾ കഴിഞ്ഞദിവസം പുറത്തു വന്നിരുന്നു. പെൺകുട്ടി എട്ട് കിലോമീറ്റർ നടന്നുവെന്നാണ് സിസിടിവി ദൃശ്യങ്ങളിൽ നിന്നും വ്യക്തമായത്. സഹായം അഭ്യർത്ഥിച്ച പെൺകുട്ടിയെ പലരും ആട്ടിയോടിക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു. ബാഗ്ന്ഗർ റോഡിലെ ആശ്രമത്തിലെപുരോഹിതനാണ് പൊലീസിനെ വിവരം അറിയിച്ചത്. തുടർന്നാണ് പെൺകുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്.

എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ പെൺകുട്ടി അമ്മൂമ്മയ്ക്കും മൂത്ത സഹോദരനും ഒപ്പമാണ് താമസിച്ചിരുന്നത്. ഞായറാഴ്ച മുതലാണ് കുട്ടിയെ കാണാതാകുന്നത്. തുടർന്ന് വീട്ടുകാർ പൊലീസിൽ പരാതി നൽകി.

വീട്ടിൽ നിന്നും 700 കിലോമീറ്റർ അകലെ നിന്നാണ് പെൺകുട്ടിയെ കണ്ടെത്തുന്നത്. ചികിത്സയിൽ കഴിയുന്ന പെൺകുട്ടിയുടെ ആരോഗ്യനിലയിൽ പുരോഗതിയുള്ളതായി പൊലീസ് അറിയിച്ചു.

ഭർത്താവിന്റെ പരസ്ത്രീ ബന്ധം അംഗീകരിച്ച ശേഷം പിന്നീട് ക്രൂരതയെന്നു പറയാനാവില്ല; വിവാഹ മോചനക്കേസിൽ ഹൈക്കോടതി

ന്യൂഡൽഹി: ഭർത്താവിന്റെ പരസ്ത്രീബന്ധം അംഗീകരിച്ച് ഒരുമിച്ചു താമസിച്ചുപോന്ന ഭാര്യയ്ക്ക് പിന്നീട് അത് ക്രൂരതയായി ആരോപിക്കാനാവില്ലെന്ന് ഡൽഹി ഹൈക്കോടതി. ജോലി സ്ഥലത്ത് സുഹൃത്തുക്കളുണ്ടാകുന്നതും അവരോടു സംസാരിക്കുന്നതും ഭാര്യയെ അവഗണിക്കലായി കാണാനാവില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു.

ഭർത്താവിന് വിവാഹേതര ബന്ധമുണ്ടായിട്ടും ഒപ്പംകഴിയാനാണ് ഭാര്യ തയ്യാറായത്. അതിനാൽ വിവാഹമോചനക്കേസിൽ ഭർത്താവിന്റെ ക്രൂരതയായി ഈ ബന്ധത്തെ കാണാനാവില്ലെന്ന് കോടതി പറഞ്ഞു.

ഭർത്താവിന് കുടുംബകോടതി വിവാഹമോചനം അനുവദിച്ചത് ചോദ്യംചെയ്ത് ഭാര്യ നൽകിയ അപ്പീലാണ് ഹൈക്കോടതി പരിഗണിച്ചത്. പത്തുവർഷം മുൻപത്തെ സംഭവമാണ് ഭാര്യ വിവാഹേതര ബന്ധമായി ആരോപിച്ചതെന്ന് കോടതി ചൂണ്ടിക്കാട്ടി. ജോലിയുടെ സാഹചര്യംകൊണ്ടാണ് അകന്ന് കഴിയേണ്ടിവന്നത്.

ഒറ്റയ്ക്ക് താമസിക്കുന്നവർ സുഹൃത്തുക്കളിൽ ആശ്രയം കണ്ടെത്തിയേക്കാം. അതിനർഥം ഭാര്യയെ അവഗണിച്ചുവെന്നല്ല. അതിൽ ക്രൂരത ആരോപിക്കാനാവില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

ഭാര്യയുടെ നടപടികളെ ക്രൂരതയായി വിലയിരുത്തി വിവാഹമോചനം അനുവദിച്ച കുടുംബകോടതി ഉത്തരവ് ഹൈക്കോടതി ശരിവെച്ചു. സൈനികനായ തനിക്ക് പലയിടത്തും ജോലി ചെയ്യേണ്ടിവന്നപ്പോൾ ഒറ്റപ്പെടൽ അനുഭവപ്പെട്ടെന്നും ഭാര്യ തന്നോട് സംസാരിക്കാറുപോലുമില്ലായിരുന്നെന്നും ഭർത്താവ് വാദിച്ചു.

ക്ലാസിൽ ഉത്തരം പറഞ്ഞില്ല, മുസ്ലീം വിദ്യാർഥിയെ കൊണ്ട് ഹിന്ദു കുട്ടിയെ തല്ലിച്ചു; യുപിയിൽ അധ്യാപിക അറസ്റ്റിൽ

ലക്നൗ: ക്ലാസിൽ ഉത്തരം പറയാതിരുന്ന ഹിന്ദു വിദ്യാർഥിയെ മുസ്ലീം വിദ്യാർഥിയെ കൊണ്ട് മർദ്ദിച്ച സംഭവത്തിൽ യുപിയിൽ അധ്യാപിക അറസ്റ്റിൽ. സംഭാലിലെ ഒരു സ്വകാര്യ സ്കൂളിൽ ഇന്നലെയായിരുന്നു സംഭവം. മതവികാരം വ്രണപ്പെടുത്തി എന്നുൾപ്പെടെയുള്ള പിതാവിന്റെ പരാതിയിലാണ് അറസ്റ്റ്.

അഞ്ചാം ക്ലാസ് വിദ്യാർഥിയായ മകനോട് ക്ലാസിൽ അധ്യാപിക ചോദിച്ച ചോദ്യത്തിന് ഉത്തരം പറയാതിരുന്നതിന് മുസ്ലീം വിദ്യാർഥിയെ കൊണ്ട് തല്ലിച്ചു എന്നാണ് പിതാവിന്റെ പരാതി. അധ്യാപികയുടെ നടപടിയിൽ മത വികാരം വ്രണപ്പെട്ടുവെന്നും പിതാവ് പറയുന്നു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

കഴിഞ്ഞ മാസം സമാനമായ സംഭവം യുപിയിൽ അരങ്ങേറിയിരുന്നു. ക്ലാസിൽ ഹോം വർക്ക് ചെയ്യാതെ വന്നതിന് മുസ്ലിം വിദ്യാർഥിയെ എഴുന്നേൽപിച്ച് നിർത്തി മറ്റു വിദ്യാർഥികളെ കൊണ്ട് അധ്യാപിക വിദ്യാർഥിയുടെ മുഖത്ത് തല്ലിക്കുകയായിരുന്നു. ഇതിന്റെ വിഡിയോ മറ്റൊരാൾ പകർത്തുകയും ചെയ്തിരുന്നു. സംഭവം വിവാദമായതോടെ സ്കൂൾ പ്രിൻസിപ്പാൾ കൂടിയായ അധ്യാപിക ത്രിപ്തത്യാഗി മാപ്പ് പറഞ്ഞ് രംഗത്തെത്തിയിരുന്നു.

18 ലക്ഷം രൂപ ബാങ്ക് ലോക്കറിൽ സൂക്ഷിച്ചു; മൊത്തം ചിതൽ കൊണ്ടുപോയി

ലഖ്നൗ: ഉത്തർപ്രദേശിൽ മകളുടെ കല്യാണത്തിന് വേണ്ടി ബാങ്ക് ലോക്കറിൽ സൂക്ഷിച്ചിരുന്ന 18 ലക്ഷം രൂപ നഷ്ടപ്പെട്ടു. ബാങ്ക് ലോക്കറിൽ ചിതലരിച്ചതിനെ തുടർന്നാണ് പണം നഷ്ടമായത്.

മൊറാദാബാദിലാണ് സംഭവം. പൊതുമേഖല ബാങ്കിന്റെ ശാഖയിലെ ലോക്കറിൽ 18 ലക്ഷം രൂപ സൂക്ഷിച്ച അൽക്കാ പഥക്കിന്റെ പണമാണ് നഷ്ടമായത്. കഴിഞ്ഞ വർഷം ഒക്ടോബറിലാണ് പണം ലോക്കറിൽ സൂക്ഷിച്ചത്. അടുത്തിടെ ലോക്കർ കരാർ പുതുക്കുന്നതിന് ബാങ്കിൽ വരാൻ പറഞ്ഞ് ബാങ്ക് ഉദ്യോഗസ്ഥർ അൽക്കയെ വിളിച്ചിരുന്നു. ഇതനുസരിച്ച് ബാങ്കിലെത്തിയ അൽക്ക ലോക്കർ തുറന്നപ്പോഴാണ് ഞെട്ടിപ്പോയത്. മകളുടെ വിവാഹത്തിനായി സ്വരുക്കൂട്ടി വച്ചിരുന്ന പണമാണ് ചിതലരിച്ചത്. ഇത് കണ്ട് ബാങ്ക് ഉദ്യോഗസ്ഥരും ഞെട്ടിയതായാണ് റിപ്പോർട്ടുകൾ. സംഭവം മേലധികാരികളെ അറിയിച്ചിട്ടുണ്ടെന്നാണ് ബാങ്ക് അധികൃതർ നൽകുന്ന വിശദീകരണം. റിസർവ് ബാങ്കിന്റെ പുതിയ ചട്ടം അനുസരിച്ച് ലോക്കറിൽ പണം സൂക്ഷിക്കാൻ പാടില്ല. സ്വർണാഭരണങ്ങളും രേഖകളും സൂക്ഷിക്കാനാണ് പൊതുവേ ലോക്കർ ഉപയോഗിക്കുന്നത്.

കൈ നഖങ്ങൾ ചൂഴ്ന്നെടുത്തു, പോസ്റ്റിൽ കെട്ടിയിട്ട് മർദിച്ചു; ഇസാർ അഹമ്മദ് നേരിട്ടത് ക്രൂരപീഡനമെന്ന് കുടുംബം

ഡൽഹി: ഡൽഹിയിൽ 26 കാരൻ ഇസാർ അഹമ്മദിനെ ആൾക്കൂട്ടം മർദ്ദിച്ചു കൊലപ്പെടുത്തിയത്തിൽ നീതി വേണമെന്ന് കുടുംബം. ക്ഷേത്രത്തിൽ നിന്ന് പ്രസാദം കഴിച്ചതിനാണ് ആളുകൾ കെട്ടിയിട്ട് ക്രൂരമായി മർദിച്ചതെന്ന് സഹോദരി നുസ്രത്ത് മീഡിയവണിനോട് പറഞ്ഞു. പൊലീസ് പ്രതികളെ ഉടൻ പിടികൂടി ശിക്ഷിക്കണമെന്ന് പിതാവ് അബ്ദുൽ വാജിദും ആവശ്യപ്പെട്ടു.

മാനസിക വെല്ലുവിളികൾ നേരിടുന്ന സഹോദരൻ ഇസാർ മുഹമ്മദ് ചൊവ്വാഴ്ച രാവിലെ വിട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയതാണ്. വിശന്നപ്പോൾ അടുത്തുള്ള ക്ഷേത്രത്തിൽ നിന്ന് പ്രസാദം കഴിച്ചു. എന്നാൽ, പ്രസാദത്തിന് 20 രൂപ നൽകിയില്ലെന്ന് പറഞ്ഞാണ് അവനെ ക്രൂരമായി മർദ്ദിച്ചത്. ഇസാറിൻറെ നഖം ചൂഴ്ന്നെടുത്തതായും സഹോദരി നുസ്രത്ത് പറഞ്ഞു. ക്രൂരമായി മർദ്ദിച്ചു. കയ്യിലെ എല്ലാ നഖവും അവർ ചൂഴ്ന്നെടുത്തു. ഞങ്ങൾക്ക് നീതി ലഭ്യമാകണം. പ്രസാദം കഴിച്ചതിൻറെ പേരിൽ നാലുപേർ ചേർന്നാണ് മകനെ ക്രൂരമായി മർദ്ദിച്ചു കൊലപ്പെടുത്തിയത്. പ്രതികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. പൊലീസ് അന്വേഷണം തുടരുകയാണ്. നീതി ലഭിക്കണമെന്നും പിതാവ് അബ്ദുൽ വാജിദ് ആവശ്യപ്പെട്ടു.

കേസിൽ നിരവധി പേരെ പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു. സംഭവത്തിൽ അന്വേഷണം നടക്കുകയാണെന്നും സിസിടിവി ദൃശ്യങ്ങളും സോഷ്യൽമീഡിയയിൽ പ്രചരിക്കുന്ന ദൃശ്യങ്ങളും പരിശോധിച്ച് പ്രതികളെ തിരിച്ചറിയാൻ ശ്രമിക്കുകയാണെന്ന് പൊലീസ് പറഞ്ഞു. സ്ഥലത്ത് പൊലീസ് കാവലും ഏർപ്പെടുത്തിയിട്ടുണ്ട്.

എംപിയായിട്ടെന്തു ചെയ്തു? ജയ് ശ്രീരാം, വന്ദേമാതരം എന്ന് ഉത്തരം നൽകി പ്രജ്ഞ ഠാക്കൂർ

ഭോപ്പാൽ: പാർലമെന്റ് അംഗമായി മണ്ഡലത്തിൽ എന്തു വികസനം കൊണ്ടുവന്നു എന്ന ചോദ്യത്തിന് വന്ദേമാതരം, ജയ് ശ്രീരാം എന്നിങ്ങനെ ഉത്തരം നൽകി ഭോപ്പാൽ എംപിയും തീവ്രഹിന്ദു നേതാവുമായ പ്രജ്ഞ സിങ് ഠാക്കൂർ. ആജ് തക് സംഘടിപ്പിച്ച പരിപാടിയിലായിരുന്നു പ്രജ്ഞയുടെ പ്രതികരണം. ആജ് തക് മാധ്യമപ്രവർത്തക ശ്വേത സിങ്ങുമായി നടത്തിയ സംവാദത്തിലാണ് പ്രജ്ഞ വികസന കാര്യങ്ങളെ കുറിച്ച് പറയാതെ ഒഴിഞ്ഞുമാറിയത്. 'ഭോപ്പാൽ മണ്ഡലത്തിലെ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടിട്ട് അഞ്ചു വർഷമാകുന്നു. മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്' എന്നായിരുന്നു ശ്വേത സിങ്ങിന്റെ ചോദ്യം.

'ജയ് ശ്രീരാം, വന്ദേമാതരം, ഭാരത് മാതാ കീ ജയ്, ഞാൻ ചെയ്ത കാര്യങ്ങളെല്ലാം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിനു വേണ്ടി ചെയ്തിട്ടുണ്ട്. കേന്ദ്ര നേതൃത്വം ഭോപ്പാലിൽ കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ഭോപ്പാലിന് പ്രധാനമന്ത്രി നൽകിയതിന്റെ പിന്തുണക്കാരിയാണ് ഞാൻ.'– എന്നായിരുന്നു അവരുടെ ഉത്തരം.

ഗാന്ധി ഘാതകൻ നാഥുറാം ഗോഡ്സെ ദേശസ്നേഹിയാണെന്നും പ്രജ്ഞ ആവർത്തിച്ചു. ഗോഡ്സെ ഒരു ഹിന്ദു തീവ്രവാദിയാണ് എങ്കിൽ അയാൾ എന്തിന് ഗാന്ധിയെ കൊല്ലണം എന്നാണ് അവർ ചോദിച്ചത്. നേരത്തെ, സമാനമായ പ്രതികരണത്തിൽ 2019ൽ അവർ മാപ്പു പറഞ്ഞിരുന്നു.

മലേഗാവ് സ്ഫോടനക്കേസ് പ്രതിയാണ് പ്രജ്ഞ സിങ് ഠാക്കൂർ. ഈ കേസിന്റെ വിചാരണ നടപടികൾ മുംബൈയിലെ എൻഐഎ പ്രത്യേക കോടതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. 2008 സെപ്തംബർ 29ന് രാത്രിയാണ് മലേഗാവിലെ ഭിക്കുചൗക്കിൽ ഭീകരാക്രമണമുണ്ടായത്. ആക്രമണത്തിൽ ആറു പേർ കൊല്ലപ്പെടുകയും നൂറിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ ആദ്യം മുസ്ലിം യുവാക്കളെയാണ് പ്രതി ചേർത്തിരുന്നത്. എന്നാൽ പിന്നീട് തീവ്രഹിന്ദുത്വ സംഘടനയായ അഭിനവ് ഭാരത് ആണ് ആക്രമണത്തിന് പിന്നിൽ എന്ന് കണ്ടെത്തുകയായിരുന്നു.

മണിപ്പൂരിൽ വീണ്ടും സംഘർഷം; മുഖ്യമന്ത്രി എൻ ബീരൻസിംഗിന്റെ വസതി ആക്രമിക്കാൻ ശ്രമം

ഇംഫാൽ: മണിപ്പൂർ മുഖ്യമന്ത്രി എൻ ബീരൻസിംഗിന്റെ വസതി ആക്രമിക്കാൻ ശ്രമം. ഇംഫാൽ ഈസ്റ്റിലെ വീട് ആക്രമിക്കാനുള്ള ശ്രമം തടഞ്ഞതായി പൊലീസ് അറിയിച്ചു. അക്രമികൾക്ക് നേരെ സൈന്യം കണ്ണീർ വാതകം പ്രയോഗിച്ചു. രണ്ട് വിദ്യാർഥികളുടെ മരണത്തെ തുടർന്ന് മണിപ്പൂരിൽ അതിരൂക്ഷമായി സംഘർഷം തുടരുകയാണ്.

400 പേരോളം വരുന്ന സംഘം മുഖ്യമന്ത്രിയുടെ വസതിയിലേക്ക് ഇരച്ചു കയറാൻ ശ്രമിച്ചതോടെയാണ് സംഘർഷമുണ്ടായത്. പ്രതിഷേധക്കാരെ പൊലീസും അർധ സൈനിക വിഭാഗവും ചേർന്ന് തടയുകയും കണ്ണീർ വാതക പ്രയോഗവും ലാത്തി ചാർജും നടത്തുയും ചെയ്തു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്.

നേരത്തെ ബി.ജെ.പി ഓഫീസ് അടിച്ചു തകർക്കുകയും പൊലീസ് ജീപ്പ് കത്തിക്കുന്നതിലേക്കും പ്രതിഷേധക്കാർ പോയിരുന്നു. എത്രയും പെട്ടെന്ന് കുറ്റവാളികളെ പിടികൂടണമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം. എന്നാൽ ഇതുവരെ പ്രതികളെ കണ്ടെത്തുവാനോ ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. നിലവിൽ സി.ബി.ഐ ഡയറക്ടറക്കം മണിപ്പൂരിലുണ്ട്. അന്വേഷണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് പുനഃസ്ഥാപിച്ചതുകൊണ്ട് മാത്രമാണ് ഈ ചിത്രങ്ങൾ പുറത്തു വന്നത്. ഇതിനെ തുടർന്ന് മണിപ്പൂരിലിപ്പോൾ ഇന്റർനെറ്റ് പൂർണമായും വിഛേദിച്ചിരിക്കുകയാണ്.

മാസ ശമ്പളം 10 ലക്ഷം; റെക്കോഡ് ശമ്പളം സ്വന്തമാക്കി ഇരുപതുകാരി

ഹൈദരാബാദ്: നല്ലൊരു ജോലിയും മികച്ച ശമ

ഏകദിന ലോകകപ്പ് 2023: സന്നാഹമത്സരങ്ങൾ ഇന്നുമുതൽ; ഇന്ത്യ നാളെ ഇറങ്ങും

ലോകകപ്പിന് മുന്നോടിയായുള്ള സന്നാഹ മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

ഇന്ന് മൂന്ന് മത്സരങ്ങളാണ് നടക്കുന്നത്.ഹൈദരാബാദിൽനടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാകിസ്താനെയും,ഗുവാഹത്തിയിൽ നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക ബംഗ്ലാദേശിനേയും, തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക അഫ്ഗാനിസ്ഥാനേയും നേരിടും.

തിരുവനന്തപുരത്തെ മൂടിക്കെട്ടിയ അന്തരീക്ഷം കഴിഞ്ഞ രണ്ട് ദിവസമായി പെയ്യുന്ന മഴയും സന്നാഹ മത്സരത്തിൽ വില്ലനാവുമോ എന്ന ആശങ്ക ആരാധകർക്കുണ്ട്.ഇന്ത്യയുടെ ആദ്യ സന്നാഹ മത്സരം നാളെയാണ്.

ഗുവാഹത്തിയിൽ ഉച്ചയ്ക്ക് രണ്ട് മണിക്ക് തുടങ്ങുന്നകളിയിൽ നിലവിലെ ലോക ചാംപ്യന്മാരായ ഇംഗ്ലണ്ടാണ് ഇന്ത്യയുടെ എതിരാളി.ഇന്നലെ ഗുവാഹത്തിയിലെത്തിയ ടീമുകൾ ഇന്ന് പരിശീലനത്തിനിറങ്ങും.

ഇന്ത്യൻ സൂപ്പർ ലീഗിൽ സമനിലക്കളി

ഭുവനേശ്വർ: ഇന്ത്യൻ സൂപ്പർ ലീഗിൽ ഒഡിഷ എഫ് സിയും മുംബൈ സിറ്റിയും തമ്മിലുള്ള മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും രണ്ടുഗോളുകൾ വീതം നേടി. മത്സരത്തിൽ രണ്ടു തവണ മുന്നിട്ടു നിന്നെങ്കിലും ഒഡിഷയ്ക്ക് ജയം സ്വന്തമാക്കാനായില്ല. കളിയുടെ 88-ാം മിനിറ്റിലാണ് മുംബൈ സമനില ഗോൾ കണ്ടെത്തിയത്.

കലിംഗ സ്റ്റേഡിയത്തിൽ ആദ്യ പകുതിയുടെ ഇഞ്ചുറി ടൈമിലാണ് ആദ്യ ഗോൾ പിറന്നത്. ഒഡിഷയ്ക്കായി ജെറിയാണ് വലകുലുക്കിയത്. രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ മുംബൈയുടെ മറുപടിയെത്തി. റോസ്റ്റിൻ ഗ്രിഫിത്തിലൂടെ 47-ാം മിനിറ്റിൽ അവർ സ്കോർ സമനിലയിലാക്കി. മുന്നേറ്റം തുടർന്ന ഒഡിഷ 76-ാം മിനിറ്റിൽ വീണ്ടും മുന്നിലെത്തി. ജയം പ്രതീക്ഷിച്ചിരുന്നെങ്കിലും 88-ാം മിനിറ്റിൽ ഹോർഗെ പെരേര ഡയസിലൂടെ മത്സരം സമനിലയിലാക്കി.

വെള്ളി നേടിയ ഇഷ, സ്വർണം നേടിയ പാലക്

'പാലക്' ഇന്ത്യയുടെ 'സുവർണ കുമാരി' – ഷൂട്ടിങ്ങിൽ വീണ്ടും സ്വർണം, വെള്ളി നേട്ടങ്ങൾ

ഹാങ്ചൗ: ഏഷ്യൻ ഗെയിംസിൽ ആറാം ദിനത്തിൽ രണ്ടാം സ്വർണം വെടിവച്ചിട്ട് ഷൂട്ടിങ് ടീം. വനിതകളുടെ പത്ത് മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ സ്വർണവും വെള്ളിയും ഇന്ത്യൻ താരങ്ങൾക്ക്. പാലക് ആണ് ഇന്ത്യയ്ക്കായി എട്ടാം സ്വർണം നേടിയത്. ഇഷ സിങ് വെള്ളിയും സ്വന്തമാക്കി.

242.1 പോയിന്റ് നേടിയാണ് 17കാരിയായ പാലകിന്റെ സുവർണ നേട്ടം. 239.7 പോയിന്റുകൾ സ്വന്തമാക്കിയാണ് ഇഷ സിങ് വെള്ളി നേട്ടത്തിലെത്തിയത്. ഈ ഇനത്തിൽ വെങ്കലം പാകിസ്ഥാന്റെ തലത് കിഷ്മാലയ്ക്കാണ്.

എട്ട് സ്വർണവും 11 വീതം വെള്ളി വെങ്കലവുമായി ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 30ൽ എത്തി. പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ഷൂട്ടിങിൽ മാത്രം ഇന്ത്യ ആറ് സ്വർണം വെടിവച്ചിട്ടു.

ഇത്തവണ ഷൂട്ടിങിൽ സ്വർണം, വെള്ളി, വെങ്കല മെഡുലുകളുടെ ആകെ എണ്ണം 17ൽ എത്തിക്കാനും ഇന്ത്യൻ താരങ്ങൾക്കായി. ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ ഷൂട്ടിംഗ് ടീമിന്റെ ഏറ്റവും മികച്ച പ്രകടനമാണിത്. 2006 ദോഹ ഗെയിംസിലെ 14 മെഡൽ നേട്ടമാണ് മറികടന്നത്. നേരത്തെ ഇന്ന് 50 മീറ്റർ റൈഫിൾ പൊസിഷൻ 3 വിഭാഗത്തിൽ പുരുഷ ടീമാണ് സ്വർണം നേടിയത്. ഇന്ത്യയുടെ ഐശ്വര്യപ്രതാപ് സിങ് തോമർ, സ്വപ്നിൽ കുസാലെ, അഖിൽ ഷിയോറൻ എന്നിവരടങ്ങിയ ടീമാണ് സ്വർണം വെടിവെച്ചിട്ടത്. ലോകറെക്കോർഡോടെയാണ് ഇന്ത്യയുടെ സ്വർണനേട്ടം.

10 മീറ്റർ എയർ പിസ്റ്റൾ ടീം ഇനത്തിൽ ഇന്ത്യൻ വനിതകൾ വെള്ളിയും മെഡൽ നേടിയിരുന്നു.

വീണ്ടും വരുന്നു, മെസി – ക്രിസ്റ്റ്യാനോ പോരാട്ടം

തുടർച്ചയായ രണ്ടാം കിരീടം ലക്ഷ്യമിട്ട് യു.എസ് ഓപ്പൺ കപ്പ് ഫൈനലിനിറങ്ങിയ ഇൻറർ മയാമിക്ക് പരാജയത്തിൻറെ കൈയ്പ്പുനീർ.

പരിക്കേറ്റ നായകൻ ലയണൽ മെസ്സി ഇല്ലാതെ കലാശപ്പോരിനിറങ്ങേണ്ടിവന്ന മയാമിയെ ഹൗസറ്റൻ ഡൈനാമോ ആണ് പരാജയപ്പെടുത്തിയത്. ഒന്നിനെതിരെ രണ്ടു ഗോളുകൾക്കായിരുന്നു ഹൗസ്റ്റൻ ഡൈനാമോയുടെ വിജയം.

മെസ്സിക്ക് പുറമേ പരിക്ക് കാരണം സൂപ്പർ ഡിഫൻഡർ ജോർഡി ആൽബയും മയാമിക്കായി യു.എസ് ഓപ്പൺ ഫൈനലിനിറങ്ങിയില്ല.

ഹൗസ്റ്റൻ ഡൈനാമോയ്ക്കായി ഡോർസി, ബാസി എന്നിവരാണ് ഗോൾ കണ്ടെത്തിയത്. ഇൻറർ മയാമിയുടെ ഗോൾ ഇഞ്ചുറി ടൈമിൽ ജോസഫ് മാർട്ടിനസിൻറെ വകയായിരുന്നു.

24-ാം മിനുട്ടിൽ ഡോർസിയിലൂടെയാണ് ഹൗസ്റ്റൻ ഡൈനാമോ ആദ്യം ലീഡ് എടുക്കുന്നത്. 33-ാം മിനുട്ടിൽ ബാസിയുടെ ഗോൾ കൂടി വന്നതോടെ ആദ്യ പകുതിയിൽത്തന്നെ ഹൗസ്റ്റൻ ഡൈനാമോ (20)ന് മുന്നിൽ എത്തിയിരുന്നു. ഇതിനു മറുപടി നൽകാൻ ഇഞ്ചുറി ടൈം വരെ മയാമിക്ക് കാത്തിരിക്കേണ്ടി വന്നു.

പക്ഷേ ജോസെഫ് മാർട്ടിനസിൻറെ ഗോൾ വരുമ്പോഴേക്കും പരാജയത്തോടെ മയാമിയുടെ ഈ സീസണിലെ രണ്ടാം കിരീടം എന്ന പ്രതീക്ഷയാണ് അവസാനിച്ചത്.

ലൈംഗിക പീഡന കേസ്; ശ്രീലങ്കയുടെ ധനുഷ്ക ഗുണതിലക കുറ്റ വിമുക്തൻ

സിഡ്നി: ലൈംഗിക പീഡന കേസിൽ ശ്രീലങ്കൻ ക്രിക്കറ്റ് താരം ധനുഷ്ക ഗുണതിലക കുറ്റ വിമുക്തൻ. 2022ലെ ടി20 ലോക കപ്പിനിടെ താരം 29കാരിയായ ഓസ്ട്രേലിയൻ വനിതയെ അവരുടെ സമ്മതമില്ലാതെ ലൈംഗികമായി പീഡിപ്പിച്ചുവെന്നായിരുന്നു കേസ്.

ഡേറ്റിങ് ആപ്പ് വഴി ദിവസങ്ങളോളം ചാറ്റ് ചെയ്ത ശേഷം താരം 29കാരിയെ പീഡിപ്പിച്ചെന്നായിരുന്നു പരാതി. എന്നാൽ ഇതു സംബന്ധിച്ച ആരോപണം തെളിയിക്കാൻ സാധിച്ചില്ലെന്നു കോടതി നിരീക്ഷിച്ചു.

ലോകകപ്പിനിടെ താരത്തെ ഓസ്ട്രേലിയൻ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. താരത്തിനെതിരെ നാല് കുറ്റങ്ങളാണ് ചുമത്തിയത്. ഇതിൽ മൂന്നെണ്ണവും നിലനിൽക്കില്ലെന്നും കോടതി വ്യക്തമാക്കി. 11 മാസത്തെ വിചാരണാ നടപടികളും മറ്റും പൂർത്തിയായതിനാൽ താരത്തിനു ശ്രീലങ്കയിലേക്ക് മടങ്ങാനും അനുമതി നൽകി.

അറസ്റ്റിനു പിന്നാലെ ശ്രീലങ്ക ക്രിക്കറ്റ് ടീമിൽ നിന്നു താരത്തെ സസ്പെൻഡ് ചെയ്തിരുന്നു. കഴിഞ്ഞ 11 മാസം താൻ വല്ലാതെ വിഷമിച്ചതായും ഒപ്പം നിന്നവർക്ക് നന്ദി പറയുന്നതായും ഗുണതിലക പ്രതികരിച്ചു.

സൗദിയോട് തോറ്റു; ഏഷ്യൻ ഗെയിംസ് ഫുട്ബോളിൽ ഇന്ത്യ പുറത്ത്

ബോളുമായി മുന്നേറുന്ന സുനിൽ ഛേത്രി

ഹാങ്ചോ: ഏഷ്യൻ ഗെയിംസ് ഫുട്ബാളിൽ ഇന്ത്യ പുറത്ത്. പ്രീക്വർട്ടർ മത്സരത്തിൽ സൗദി അറേബ്യയുമായി എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെട്ടു. മുഹമ്മദ് ഖലീൽ മറാൻ നേടിയ ഇരട്ട ഗോളുകളാണ് സൗദിക്ക് വിജയം സമ്മാനിച്ചത്.

ഫിഫ റാങ്കിങ്ങിൽ 57ാം സ്ഥാനത്തുള്ള എതിരാളികൾക്കെതിരെ പ്രതിരോധിച്ചാണ് ഇന്ത്യ കളിച്ചത്. ആറാം മിനിറ്റിൽ തന്നെ സൗദിക്ക് ആദ്യ അവസരം ലഭിച്ചു. ഹൈതം അസ്രിയുടെ ഷോട്ട് ഇന്ത്യൻ ഗോളി ധീരജ് കൈയിലൊതുക്കിയപ്പോഴേക്കും ഓഫ്സൈഡ് ഫ്ലാഗ് ഉയർന്നിരുന്നു. 14ാം മിനിറ്റിലാണ് ഇന്ത്യക്ക് ആദ്യ അവസരം ലഭിച്ചത്. എന്നാൽ, ബോക്സിന് പുറത്തുനിന്ന് ക്യാപ്റ്റൻ സുനിൽ ഛേത്രി തൊടുത്ത ഷോട്ട് സൗദി ഗോൾകീപ്പർ അഹമദ് അൽ ജുബയ അനായാസം കൈയിലൊതുക്കി. എട്ട് മിനിറ്റിന് ശേഷം സൗദി വീണ്ടും ഗോളിനടുത്തെത്തിയെങ്കിലും ഷോട്ട് ക്രോസ്ബാറിനോട് ചേർന്ന് പുറത്തേക്ക് പോയി. 25ാം മിനിറ്റിൽ ഖലീം മറാന്റെ ഷോട്ട് ഇന്ത്യൻ ഗോളി ധീരജ് കൈയിലൊതുക്കി. 40ാം മിനിറ്റിൽ സൗദിക്ക് ലഭിച്ച ഫ്രീകിക്കും ഇന്ത്യൻ ഗോൾകീപ്പർ ആയാസപ്പെട്ട് തട്ടിയകറ്റി. തുടർന്നും സൗദി ആക്രമണം തുടർന്നെങ്കിലും ഇന്ത്യൻ പ്രതിരോധം ഉറച്ചുനിന്നതോടെ ആദ്യപകുതി ഗോൾരഹിതമായി അവസാനിച്ചു.

രണ്ടാം പകുതി തുടങ്ങി ആറ് മിനിറ്റായപ്പോഴേക്കും സൗദി ആദ്യ ഗോൾ നേടി. മുഹമ്മദ് അബു അൽ ഷമാത്തിന്റെ ക്രോസ് ഖലീൽ മറാൻ വലയിലേക്ക് ഹെഡ് ചെയ്തിടുകയായിരുന്നു. ആറ് മിനിറ്റിന് ശേഷം മറാന്റെ രണ്ടാം ഗോളും എത്തി. 78ാം മിനിറ്റിൽ സുനിൽ ഛേത്രിയുടെ പാസിൽ രാഹുലിന്റെ ഷോട്ട് പോസ്റ്റിനോട് ചേർന്ന് പുറത്തേക്ക് പോയി. അഞ്ച് മിനിറ്റിനകം സൗദി താരം റയാൻ ഹാമിദിന്റെ ഹെഡർ ധീരജ് തട്ടിയകറ്റി. സൗദി ആക്രമണം തുടർന്നെങ്കിലും കൂടുതൽ ഗോൾ വഴങ്ങാതെ ഇന്ത്യൻ പ്രതിരോധം പിടിച്ചുനിന്നു.

ചൈനക്കെതിരെ ആദ്യ മത്സരത്തിൽ 5-1ന് തോൽവി ഏറ്റുവാങ്ങിയായിരുന്നു ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ തുടക്കം. രണ്ടാം മത്സരത്തിൽ ബംഗ്ലാദേശിനെ എതിരില്ലാത്ത ഒരു ഗോളിന് കീഴടക്കിയും മൂന്നാം മത്സരത്തിൽ മ്യാന്മറിനെതിരെ സമനില പിടിച്ചും രണ്ടാമന്മാരായാണ് പ്രീ ക്വാർട്ടറിൽ ഇടം ലഭിച്ചത്.

ന്യൂകാസിലിനോട് തോറ്റു; മാഞ്ചസ്റ്റർ സിറ്റി ലീഗ് കപ്പിൽ നിന്ന് പുറത്ത്

ലീഗ് കപ്പിൽ ന്യൂകാസിലിനോട് തോറ്റ് മാഞ്ചസ്റ്റർ സിറ്റി പുറത്ത്. ലീഗ് കപ്പിൻറെ മൂന്നാം റൗണ്ടിലാണ് സിറ്റി ന്യൂകാസിലിനോട് തോൽവി വഴങ്ങിയത്.

ന്യൂകാസിലിൻറെ ഹോം ഗ്രൗണ്ടായ സെൻറ് ജെയിംസ് പാർക്കിൽ നടന്ന മത്സരത്തിൽ എതിരില്ലാത്ത ഒരു ഗോളിനായിരുന്നു ന്യൂകാസിലിൻറെ വിജയം.

മത്സരത്തിൻറെ ആദ്യ പകുതി ഗോൾരഹിതമായിരുന്ന. രണ്ടാം പകുതിയുടെ തുടക്കത്തിൽ 53-ാം മിനുട്ടിൽ അലക്സാണ്ടർ ഇസാക് ആണ് ഗോൾ സിറ്റിയുടെ ഗോൾവല തുളച്ചത്. ജോലിൻടൺ നൽകിയ പാസ് സ്വീകരിച്ചാണ് ഇസാക് മാഞ്ചസ്റ്റർ സിറ്റിയുടെ ഹൃദയം തകർത്തത്.

ഗോൾ വഴങ്ങിയതോടെ തിരിച്ചടിക്കായി സിറ്റി കിണഞ്ഞു ശ്രമിച്ചെങ്കിലും സമനില ഗോൾ മാത്രം വന്നില്ല. ഹാളണ്ടിൻറെ അഭാവവും സിറ്റിക്ക് തിരിച്ചടിയായി. ബെഞ്ചിൽ ഉണ്ടായിരുന്നെങ്കിലും ഹാളണ്ടിനെ കളത്തിൽ ഇറക്കാൻ പെപ് ഗാർഡിയോള കൂട്ടാക്കിയില്ല.

അപ്രതീക്ഷിതം അശ്വിനും ലബുഷെയ്നും; ലോകകപ്പിനുള്ള 10 ടീമുകളുടെ 15 അംഗ സംഘങ്ങൾ

അഹമ്മദാബാദ്: ക്രിക്കറ്റ് ലോകം ഏകദിന ലോകകപ്പിന്റെ ആവേശത്തിലേക്ക്. ടൂർണമെന്റിൽ മാറ്റുരയ്ക്കുന്ന പത്ത് ടീമുകളും അവരുടെ അവസാന 15 അംഗ സംഘത്തെ ഉറപ്പിച്ചു. ഇന്നലെയായിരുന്നു ടീമിൽ മാറ്റം വരുത്താനുള്ള അവസാന അവസരം.

ഇന്ത്യൻ ടീമിലേക്ക് വെറ്ററൻ സ്പിന്നർ ആർ അശ്വിൻ കടന്നു വന്നതും ഓസ്ട്രേലിയൻ ടീമിലേക്ക് മർനസ് ലബുഷെയ്ൻ എത്തിയതുമാണ് അപ്രതീക്ഷിത മാറ്റം. അക്ഷർ പട്ടേലിനു പരിക്കേറ്റതാണ് അശ്വിന്റെ അവസാന ഉൾപ്പെടലിനു കാരണമായത്.

ഒന്നര വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇക്കഴിഞ്ഞ ഓസ്ട്രേലിയക്കെതിരായ ഏകദിന പരമ്പരയ്ക്കുള്ള ടീമിൽ അശ്വിനെ ഉൾപ്പെടുത്തിയിരുന്നു. പരമ്പരയിൽ ഭേദപ്പെട്ട ബൗളിങും താരം പുറത്തെടുത്തു. പരിക്കേറ്റ് വിശ്രമിക്കുന്ന അക്ഷറിനു ഫിറ്റ്നസ് തെളിയിക്കാൻ സാധിക്കാതെ വന്നതോടെ അശ്വിൻ ടീമിൽ സ്ഥാനം ഉറപ്പിച്ചു.

ഓസ്ട്രേലിയ സ്പിന്നർ ആഷ്ടൺ ആഗറിനെ ഒഴിവാക്കിയാണ് ലബുഷെയ്നിനെ ഉൾപ്പെടുത്തിയത്. പരിക്കിൽ നിന്നു പൂർണമായി മുക്തനാകാത്ത ട്രാവിസ് ഹെഡ്ഡിനെ ടീമിൽ നിലനിർത്തിയതും ശ്രദ്ധേയമായി. ആഗർ പുറത്തായതോടെ ടീമിലെ ഏക സ്പെഷലിസ്റ്റ് സ്പിന്നർ ആദം സാംപ മാത്രമായി.

ഇന്ത്യ: രോഹിത് ശർമ (ക്യാപ്റ്റൻ), ഹർദിക് പാണ്ഡ്യ, ശുഭ്മാൻ ഗിൽ, വിരാട് കോഹ്ലി, ശ്രേയസ് അയ്യർ, കെഎൽ രാഹുൽ, രവീന്ദ്ര ജഡേജ, ശാർദൂ ഠാക്കൂർ, ജസ്പ്രിത് ബുമ്ര, മുഹമ്മദ് സിറാജ്, കുൽദീപ് യാദവ്, മുഹമ്മദ് ഷമി, ആർ അശ്വിൻ, ഇഷാൻ കിഷൻ, സൂര്യകുമാർ യാദവ്.

പാകിസ്ഥാൻ: ബാബർ അസം (ക്യാപ്റ്റൻ), ഷദബ് ഖാൻ, ഫഖർ സമാൻ, ഇമാം ഉൾ ഹഖ്, അബ്ദുല്ല ഷഫീഖ്, മുഹമ്മദ് റിസ്വാൻ, സൗദ് ഷക്കീൽ, ഇഫ്തിഖർ അഹമദ്, ആഘ സൽമാൻ, മുഹമ്മദ് നവാസ്, ഉസാമ മിർ, ഹാരിസ് റൗഫ്, ഹസൻ അലി, ഷഹീൻ അഫ്രീദി, മുഹമ്മദ് വാസിം.

ഓസ്ട്രേലിയ: പാറ്റ് കമ്മിൻസ് (ക്യാപ്റ്റൻ), സ്റ്റീവ് സ്മിത്ത്, അലക്സ് കാരി, ജോഷ് ഇംഗ്ലിസ്, സീൻ അബ്ബോട്ട്, കാമറൂൺ ഗ്രീൻ, ജോഷ് ഹെയ്സൽവുഡ്, ട്രാവിസ് ഹെഡ്ഡ്, മർനസ് ലബുഷെയ്ൻ, മിച്ചൽ മാർഷ്, ഗ്ലെൻ മാക്സ്വെൽ, മാർക്കസ് സ്റ്റോയിനിസ്, ഡേവിഡ് വാർണർ, ആദം സാംപ, മിച്ചൽ സ്റ്റാർക്ക്.

ഇംഗ്ലണ്ട്: ജോസ് ബട്ലർ (ക്യാപ്റ്റൻ), മൊയീൻ അലി, ഗസ് അറ്റ്കിൻസൻ, ജോണി ബെയർസ്റ്റോ, സാം കറൻ, ലിയാം ലിവിങ്സ്റ്റൻ, ഡേവിഡ് മാലൻ, ആദിൽ റഷീദ്, ജോ റൂട്ട്, ഹാരി ബ്രൂക്, ബെൻ സ്റ്റോക്സ്, റീസ് ടോപ്ലി, ഡേവിഡ് വില്ലി, മാർക് വുഡ്, ക്രിസ് വോക്സ്.

ന്യൂസിലൻഡ്: കെയ്ൻ വില്ല്യംസൻ (ക്യാപ്റ്റൻ), ട്രെന്റ് ബോൾട്ട്, മാർക് ചാപ്മാൻ, ഡെവോൺ കോൺവെ, ലോകി ഫെർഗൂസൻ, മാറ്റ് ഹെന്റി, ടോം ലാതം, ഡാരിൽ മിച്ചൽ, ജിമ്മി നീഷം, ഗ്ലെൻ ഫിലിപ്സ്, രചിൻ രവീന്ദ്ര, മിച്ചൽ സാന്റ്നർ, ഇഷ് സോധി, ടിം സൗത്തി, വിൽ യങ്.

ദക്ഷിണാഫ്രിക്ക: ടെംബ ബവുമ (ക്യാപ്റ്റൻ), ജെറാൾഡ് കോറ്റ്സി, ക്വിന്റൻ ഡി കോക്ക്, റീസ ഹെന്റിക്സ്, മാർക്കോ ജെൻസൻ, ഹെയ്ന്റിച് ക്ലാസൻ, കേശവ് മഹാരാജ്, എയ്ഡൻ മാർക്രം, ഡേവിഡ് മില്ലർ, ലുൻഗി എൻഗിഡി, ആന്റിൽ ഫെലുക്വായോ, കഗിസോ റബാഡ, ടബ്രിസ് ഷംസി, റസി വാൻ ഡെർ ഡുസൻ, ലിസാഡ് വില്ല്യംസ്.

ശ്രീലങ്ക: ദസുൻ ഷനക (ക്യാപ്റ്റൻ), കുശാൽ മെൻഡിസ്, കുശാൽ പെരേര, പതും നിസ്സങ്ക, ലഹിരു കുമാര, ദിമുത് കരുണരത്ന, സദീര സമരവിക്രമ, ചരിത് അസലങ്ക, ധനഞ്ജയ ഡി സിൽവ, മഹീഷ താക്ഷണ, ദുനിത് വെള്ളാലഗെ, കസുൻ രജിത, മതീഷ് പതിരന, ദിൽഷൻ മധുഷങ്ക, ദുഷൻ ഹേമന്ത. ചമിക കരുണരത്ന (ട്രാവലിങ് റിസർവ്).

ബംഗ്ലാദേശ്: ഷാകിബ് അൽ ഹസൻ (ക്യാപ്റ്റൻ), ലിറ്റൻ ദാസ്, തൻസിദ് ഹസൻ തമിം, നജ്മുൽ ഹുസൈൻ ഷാന്റോ, തൗഹിദ് ഹൃദോയ്, മുഷ്ഫിഖർ റഹീം, മഹ്മുദുല്ല റിയാദ്, മെഹിദി ഹസൻ മിറസ്, നസും അഹമദ്, ഷാക് മെഹ്ദി ഹസൻ, ടസ്കിൻ അഹമദ്, മുസ്തഫിസുർ റഹ്മാൻ, ഹസൻ മഹ്മുദ്, ഷൊരിഫുൾ ഇസ്ലാം, തൻസിം ഹസൻ ഷാകിബ്.

അഫ്ഗാനിസ്ഥാൻ: ഹഷ്മതുല്ല ഷാഹിദി (ക്യാപ്റ്റൻ), റഹ്മാനുല്ല ഗുർബാസ്, ഇബ്രാഹിം സാദ്രാൻ, റിയാസ് ഹസൻ, റഹ്മത് ഷാ, നജീബുല്ല സാദ്രാൻ, മുഹമ്മദ് നബി, ഇക്രം അലിഖിൽ, അസ്മതുല്ല ഒമർസായ്, റാഷിദ് ഖാൻ, മുജീപ് റഹ്മാൻ, നൂർ അഹമദ്, ഫസൽഹഖ് ഫാറൂഖി, അബ്ദുൽ റഹ്മാൻ, നവീൻ ഉൾ ഹഖ്.

നെതർലൻഡ്സ്: സ്കോട്ട് എഡ്വേർഡ്സ് (ക്യാപ്റ്റൻ), മാക്സ് ഒഡൗഡ്, ബാസ് ഡെ ലീഡ്, വിക്രം സിങ്, തേജ നിദമനുരു, പോൾ വാൻ മീകരൻ, കോളിൻ അക്കർമാൻ, റോയ്ലെഫ് വാൻ ഡെർ മെർവെ, ലോഗൻ വാൻ ബീക്, അര്യൻ ദത്ത്, ര്യാൻ ക്ലെയിൻ, വെസ്ലി ബരെസി, സഖീബ് സുൽഫിഖർ, ഷരിസ് അഹമദ്, സിബ്രൻഡ് എംഗൽബ്രെക്റ്റ്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.